

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2026 ഏപ്രിൽ 15 – 30

Volume XX Issue 08

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







# ഹോർമുസ് കടലിടുക്കിൽ യുദ്ധക്കപ്പലുകൾ വിന്യസിച്ചു



വാഷിംഗ്ടൺ:ഇത് അമേരിക്കൻ പ്രസിഡന്റ് ട്രംപ് നടത്തുന്ന കളി വാക്കല്ല;ഇറാനെ നശിപ്പിക്കാനുള്ള എല്ലാ വിധ സജ്ജീകരണവുമായിട്ടാണ് അമേരിക്കൻ സൈന്യവ്യൂഹം ഹോർമുസ് കടലിടുക്ക് ഭേദിച്ചു എത്തിയിരിക്കുന്നത്.

ഇറാനുമായുള്ള സമാധാന ചർച്ചകൾ പാകിസ്ഥാനിൽ പരാജയപ്പെട്ടതിന് പിന്നാലെ, അതിശക്തമായ ഭീഷണിയുമായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് രംഗത്ത്. ഇറാനെ കേവലം ഒരു ദിവസം കൊണ്ട് തകർക്കാൻ തനിക്ക് സാധിക്കുമെന്നും ഇറാൻ വൈകാതെ തന്നെ ചർച്ചാമേശയിലേക്ക് തിരിച്ചെത്തുമെന്നും ട്രംപ് ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഒരു പ്രമുഖ അന്താരാഷ്ട്ര വാർത്താ ചാനലിന് നൽകിയ അഭിമുഖത്തിലാണ് ട്രംപ് തന്റെ നിലപാട് വ്യക്തമാക്കിയത്. അമേരിക്കയുടെ എല്ലാ നിബന്ധനകളും ഇറാൻ അംഗീകരിക്കേണ്ടി വരുമെന്നും അവരുടെ പക്കൽ മറ്റ് മാർഗങ്ങളില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇറാന്റെ ഊർജ്ജ നിലയങ്ങളും വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങളും ലക്ഷ്യമിട്ടുള്ള സൈനിക നീക്കങ്ങളെക്കുറിച്ചാണ് ട്രംപ് പ്രധാനമായും സൂചിപ്പിച്ചത്. കേവലം ഒരു മണിക്കൂർ കൊണ്ട് ഇറാന്റെ ഊർജ്ജ മേഖലയെ തകർക്കാൻ തനിക്ക് സാധിക്കുമെന്നും എന്നാൽ ഒരിക്കൽ തകർക്കപ്പെട്ടാൽ അത് പുനർനിർമ്മിക്കാൻ അവർക്ക് പത്ത് വർഷത്തിലേറെ വേണ്ടിവരുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ഇതിനുപുറമെ രാജ്യത്തെ തന്ത്രപ്രധാനമായ പാലങ്ങളും തകർക്കുമെന്ന് ട്രംപ് ഭീഷണിപ്പെടുത്തി. ലോകം ഒരിക്കലും തിരിച്ചുകാണാത്ത വിധം ഒരു നാഗരികത തന്നെ ഇല്ലാതാകുമെന്ന തന്റെ മുൻപത്തെ പ്രസ്താവനയെ അദ്ദേഹം ന്യായീകരിക്കുകയും ചെയ്തു.

# വിദേശകാര്യ സെക്രട്ടറി മാർക്കോ റുബിയോ അടുത്തമാസം ഇന്ത്യ സന്ദർശിക്കും



വാഷിംഗ്ടൺ: അമേരിക്കൻ വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ അടുത്ത മാസം ഇന്ത്യ സന്ദർശിക്കും. ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയുമായി വൈറ്റ് ഹൗസിൽ നടത്തിയ നിർണ്ണായക കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് ഈ ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായത്. വ്യാപാരം, പ്രതിരോധം, ക്വാഡ് സഖ്യം തുടങ്ങിയ സുപ്രധാന വിഷയങ്ങളിൽ ഇരുനേതാക്കളും ചർച്ച നടത്തി.

വിക്രം മിസ്രിയെ വൈറ്റ് ഹൗസിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് അമേരിക്കൻ സ്ഥാനപതി സെർജിയോ ഗോർ ആണ് സന്ദർശന വിവരം എക്സിലൂടെ പങ്കുവെച്ചത്. നിർണ്ണായക ധാതുക്കൾ, പ്രതിരോധ സഹകരണം എന്നിവയിലൂന്നിയുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരുവരും സംസാരിച്ചതായും അദ്ദേഹം അറിയിച്ചു.

മൂന്ന് ദിവസത്തെ യുഎസ് സന്ദർശനത്തിനെത്തിയ വിക്രം മിസ്രി, മാർക്കോ റൂബിയോയ്ക്ക് പുറമെ യുഎസ് ഡെപ്യൂട്ടി സെക്രട്ടറി ക്രിസ്റ്റഫർ ലാൻഡൗ, അണ്ടർ സെക്രട്ടറി ആലിസൺ ഹുക്കർ എന്നിവരുമായും കൂടിക്കാഴ്ച നടത്തി. പേർഷ്യൻ ഗൾഫിലെ സാഹചര്യം, ആഗോളപ്രാദേശിക മുൻഗണനകൾ എന്നിവ ലാൻഡൗവുമായുള്ള ചർച്ചയിൽ വിഷയമായി. സുരക്ഷ, സമ്പദ് വ്യവസ്ഥ, പ്രതിരോധം എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലിസൺ ഹുക്കറുമായി മിസ്രി സംസാരിച്ചു.

# ചർച്ച പരാജയം; ആണവായുധ വിഷയത്തിൽ ഉടമ്പടിയായില്ല

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡി സി/ഇസ്ലാമാബാദ്: ഇറാനുമായുള്ള യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസിന്റെ നിർണ്ണായക ചർച്ചകൾ പരാജയപ്പെട്ടു. ഏഴ് ആഴ്ചയായി തുടരുന്ന യുദ്ധം അവസാനിപ്പിക്കാനുള്ള ലക്ഷ്യത്തോടെ പാകിസ്ഥാനിൽ നടന്ന മാരത്തോൺ ചർച്ചകൾക്കൊടുവിൽ കരാറിലെത്താൻ ഇരുപക്ഷത്തിനും സാധിച്ചില്ല.

ആണവായുധങ്ങൾ വികസിപ്പിക്കില്ലെന്ന് ഉറപ്പുനൽകാൻ ഇറാൻ തയ്യാറാകാത്തതാണ് ചർച്ചകൾ വഴിമുട്ടാൻ കാരണമെന്ന് ജെ.ഡി. വാൻസ് പറഞ്ഞു.

അമേരിക്ക മുന്നോട്ടുവെച്ച നിബന്ധനകൾ ഇറാൻ തള്ളുകയായിരുന്നു. സമാധാന ചർച്ചകൾ പരാജയപ്പെട്ടതോടെ, വരും ദിവസങ്ങളിൽ ഇറാന് എതിരെയുള്ള സൈനിക നീക്കം അമേരിക്ക ശക്തമാക്കിയേക്കുമെന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. 1979ലെ ഇസ്ലാമിക വിപ്ലവത്തിന് ശേഷം ഇറാനും അമേരിക്കയും തമ്മിൽ നടന്ന ഏറ്റവും ഉയർന്ന തലത്തിലുള്ള കൂടിക്കാഴ്ചയായിരുന്നു ഇത്.

# കെ പി ജോർജിനെ സസ്പെൻഡ് ചെയ്തു

**എബി മക്കപ്പുഴ**



ഫോർട്ട് ബെൻഡ് കൗണ്ടിയിലെ ഉന്നത തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ നിന്ന് ജില്ലാ കോടതി ജഡ്ജി കെപി ജോർജിനെ സസ്പെൻഡ് ചെയ്തു. അതേസമയം താത്ക്കാലികമായി ഒരു റിപ്പബ്ലിക്കൻ സ്ഥാനാർഥിയെ ആ സ്ഥാനത്തേക്ക് മാറ്റാൻ ഉത്തരവിട്ടതായി കോടതി രേഖകൾ വ്യക്തമാക്കുന്നു.

വെള്ളിയാഴ്ച പുറപ്പെടുവിച്ച ഉത്തരവിൽ ജഡ്ജി ജെത്ത് ജോൺസ്ജോർജിനെ ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി സ്ഥാനത്തുനിന്ന് നീക്കുകയും കൗണ്ടി കമ്മീഷണർ കോടതിയുടെ അധ്യക്ഷനായ കൗണ്ടി ജഡ്ജിയുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ ഡാനിയൽ വോങ്ങിനെ നിയമിക്കുകയും ചെയ്തു. മാർച്ച് 3ന് നടന്ന ജിഒപി പ്രൈമറിയിൽ വിജയിച്ച വോങ് മുൻ ഷുഗർ ലാൻഡ് സിറ്റി കൗൺസിൽ അംഗവും കൗണ്ടി ജഡ്ജിക്കുള്ള റിപ്പബ്ലിക്കൻ നോമിനിയുമാണ്. ഫോർട്ട് ബെൻഡ് കൗണ്ടി നിവാസിയായ സാറാ റോബർട്ട്സ് സെപ്റ്റംബറിൽ സമർപ്പിച്ച കേസിന് മറുപടിയായാണ് ജോൺസിന്റെ ഉത്തരവ്.




സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക
ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം
പി.ഡി.എഫ് ഫയലിനോടൊപ്പം
www.timesofamericanmalayali.com

പ്രതിമാസ സാംസ്കാരിക മാസിക
സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

ഈ ലക്കത്തിൽ
ചരിത്രകാരൻ
ഡോ. കെ. എൻ. പണിക്കർ

# മോഹൻലാലും സംഘവും ഹൂസ്റ്റണിൽ എത്തിച്ചേർന്നു




മലയാള സിനിമയുടെ അഭിനയഭാഷയെ പുനർനിർവചിച്ച മോഹൻലാലും സംഘവും ഹൂസ്റ്റണിൽ എത്തി.

19 വർഷങ്ങ2ളുടെ ഇടവേളക്ക് ശേഷമാണ് മോഹൻലാലും സംഘവും അമേരിക്കയിൽ എത്തുന്നത്. ഹൂസ്റ്റൺ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ സംഘടിപ്പിക്കുന്നകിലുക്കം 25, വിൻസർ ഹോം ലെൻഡിംഗിന്റെ സഹകരണത്തോടെയാണ് നടക്കുന്നത്. വിൻസർ എന്റർടെയിൻമെന്റാണ് പരിപാടിയുടെ മാനേജ്മെന്റ്.

കിലുക്കം 25 മോഹൻലാൽ ലൈവ് സ്റ്റേജ് ഷോയിൽ ഇന്ത്യൻ സിനിമയുടെ ഇതിഹാസനടൻ മോഹൻലാലിനൊപ്പം മനോജ് കെ. ജയൻ, സ്റ്റീഫൻ ദേവസി, ജ്യോത്സന, ഭാമ, നോബി, കുട്ടി അഖിൽ, അപർണ മൾബറി, രമ്യ, ബ്രൂസ് ലീ, ബാല മുരളി, ശ്യാം പ്രസാദ്എന്നിവരടങ്ങുന്ന താരനിര അണിനിരക്കും. സംഗീതം, നൃത്തം, കോമഡി, അഭിനയവൈഭവം എന്നിവ ഒരുമിച്ചു ചേർന്ന ഒരു ഗ്രാൻഡ് ലൈവ് സ്റ്റേജ് ഷോ ആയിരിക്കും ഈ പരിപാടിയെന്ന് സംഘാടകർ അറിയിച്ചു.

സംഗീതസംവിധായകൻ സ്റ്റീഫൻ ദേവസി, മനോജ് കെ. ജയൻ ഉൾപ്പെടെയുള്ള പ്രമുഖകലാകാരന്മാരുടെ പങ്കാളിത്തത്തോടെയും ഏപ്രിൽ 17 വെള്ളിയാഴ്ച വൈകിട്ട് 6.30ന് ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്: ഫാ. ഡോ.ഐസക് ബി. പ്രകാശ് (വികാരി 832 997 9788), ഫാ.ജോൺസൺ പുഞ്ചക്കോണം (അസിസ്റ്റന്റ് വികാരി 346 332 8889) ഫാ. ടെജി എബ്രഹാം (അസിസ്റ്റന്റ് വികാരി 469 644 2800), തോമസ് പണിക്കർ (ട്രഷറർ 832 539 3843) മനോജ് മാത്യു (സെക്രട്ടറി 281 226 0499), ഡോ. സക്കറിയ തോമസ് (ജനറൽ കൺവീനർ 832 643 9942).

# യുട്ടായിൽ മീസെൽസ് പടരുന്നു: വാക്സിൻ എടുക്കാത്തവർക്ക് ഭീഷണി

**– പി പി ചെറിയാൻ**

അമേരിക്കയിലെ യുട്ടാ സംസ്ഥാനത്ത് മീസെൽസ് രോഗം അതിവേഗം പടരുന്നതായി റിപ്പോർട്ടുകൾ. നിലവിലെ കണക്കനുസരിച്ച് കഴിഞ്ഞ വേനൽക്കാലം മുതൽ ഇതുവരെ 583 കേസുകൾ സ്ഥിരീകരിച്ചിട്ടുണ്ട്. വാക്സിൻ എടുക്കാത്തവർക്കിടയിലാണ് രോഗം പ്രധാനമായും പടരുന്നത്.

യൂണിവേഴ്സിറ്റി ഓഫ് യുട്ടാ സർവകലാശാലാ കാമ്പസിലും രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. വാക്സിൻ എടുക്കാത്തവരും ലക്ഷണങ്ങൾ ഉള്ളവരും 21 ദിവസം വീട്ടിൽ കഴിയണമെന്ന് അധികൃതർ നിർദ്ദേശിച്ചു.

രോഗബാധിതരിൽ 83 ശതമാനം പേരും വാക്സിൻ എടുക്കാത്തവരാണ്. കുട്ടികളിലാണ് രോഗം കൂടുതൽ കാണപ്പെടുന്നത്.

ദക്ഷിണ പശ്ചിമ യുട്ടായിലെ ചില മതവിഭാഗങ്ങൾക്കിടയിലാണ് ആദ്യം രോഗം കണ്ടതെങ്കിലും, ഇപ്പോൾ സംസ്ഥാനത്തെമ്പാടുമുള്ള വിവിധ കമ്മ്യൂണിറ്റികളിലേക്ക് ഇത് വ്യാപിച്ചിട്ടുണ്ട്.

ഉയർന്ന പനി, ന്യുമോണിയ, തലച്ചോറിലെ വീക്കം എന്നിവയ്ക്ക് ഈ രോഗം കാരണമാകാം. 2025ൽ അമേരിക്കയിൽ മൂന്ന് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വാക്സിനേഷനെക്കുറിച്ചുള്ള വ്യാജപ്രചാരണങ്ങളും അവിശ്വാസവുമാണ് രോഗം ഇത്രത്തോളം പടരാൻ കാരണമെന്ന് ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. കൃത്യമായ വിവരങ്ങൾക്കായി ഡോക്ടർമാരുമായി സംസാരിക്കണമെന്നും മുൻകരുതൽ എടുക്കണമെന്നും ആരോഗ്യവകുപ്പ് അറിയിച്ചു.

April 15: Vishu

Vishu, the cultural festival celebrates the Hindu New Year in the part of Kerala, Tulu Nadu, and Mahe of India. According to the Malayalam solar calendar, the first month of Medam is referred to as Vishu. It is observed annually on April 15. The Malayalam New Year is observed with tremendous fervour and pomp for a better future full of optimism and hope.

# റവ. റെജീവ് സുഗുവിനും കുടുംബത്തിനും യാത്രയയപ്പ്



**– എബി തോമസ്**

ഡാളസ്: ഫാ. റെജീവ് സുഗുവിനും കുടുംബത്തിനും ഇടവകയുടെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി.

ഗാർലാൻഡ് സി എസ് ഐ ഇടവക ജനങ്ങൾ മാത്രമല്ല ഡാളസ് വിശ്വാസി സമൂഹം ഫാ. റെജീവ് സുഗു മാതൃക ആയിരുന്നു.

സിഎംഎസ് കോളേജിൽ നിന്നും ഇംഗ്ലീഷിൽ ബാച്ചിലർ ഡിഗ്രിയും തുടർന്നു ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർ ഡിഗ്രിയും ലഭിച്ച ഫാ.സുഗു പുനെയിലുള്ള യൂണിയൻ ബൈബിൾ കോളേജിൽ നിന്നും ബി ഡിയിൽ സെമിനാരി വിദ്യാഭ്യാസം പൂർത്തിയാക്കി.

ഇഗ്നോ യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യൽ വർക്കിൽ മാസ്റ്റേഴ്സ് ബിരുദവും മാർട്ടിൻ ലൂതർ ക്രിസ്ത്യൻ യൂണിവേഴ്സിറ്റിയിൽ നിന്നും കോൺസിലിംഗ് മേജർ ആയി ഫിലോസഫിയിൽ മാസ്റ്റർ ബിരുദവും സമ്പാദിച്ചു.

ഹോളി ട്രിനിറ്റി സിഎസ്ഐ ചർച്ച് കരുമാടി, അസെൻഷൻ സിഎസ്ഐ ചർച്ച് ഏനാത്ത്, സെന്റ് പോൾസ് സിഎസ്ഐ ചർച്ച് അടൂർ, സെന്റ് മൈക്കിൾ സിഎസ്ഐ ചർച്ച് കൊല്ലാട്, സെന്റ് പോൾസ് സിഎസ്ഐ ചർച്ച് കാപ്പിൽ, ഹോളി ട്രിനിറ്റി സിഎസ്ഐ ചർച്ച് ആലുംപീടിയ, സെന്റ് തോമസ് സിഎസ്ഐ ചർച്ച് തോലശ്ശേരി, സെന്റ് ജെയിംസ് സിഎസ്ഐ ചർച്ച് കരിനിലം, സെന്റ് പോൾസ് സിഎസ്ഐ ചർച്ച് വക്കോള, സെന്റ് മത്തായി സിഎസ്ഐ ചർച്ച് മൻറോത്തുരുത്, സിഎസ്ഐ ചർച്ച് കോൺഗ്രിഗേഷൻ അടൂർ എന്നീ ഇടവകയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഫാ. സുഗു അടൂർ, തോട്ടപ്രദേശ് തുടങ്ങിയ സിഎസ്ഐ സഭയുടെ മിഷൻ പ്രവർത്തങ്ങളിൽ സജീവമായിരുന്നു.

ആലപ്പുഴ കായംകുളം സ്വദേശിയും, സിഎസ്ഐ സഭയിലെ സീനിയർ വൈദീകനുമായിരുന്ന റവ.സുഗു ജേക്കബിന്റെ മകനാണ്. സഹോദരൻ റവ.സജീവ് സുഗു മഹാരാഷ്ട്ടയിലുള്ള പുനെ സിഎസ്ഐ ഇടവകയിൽ വികാരിയായി സേവനം അനുഷ്ഠിച്ചു വരുന്നു.

ഭാര്യ ഡയാന വിക്ടർ റെയ്മണ്ട് അച്ചന്റെ ഇടവക ശുശ്രൂഷകളിലും, ഗാനശുശ്രൂഷകളിലും അച്ചനോടൊപ്പം സഹായി ആയിരുന്നു. റേഷ്യോനാ റെജീവ്, റൈൻ റെജീവ് എന്നിവരാണ് മക്കൾ.

# ലോക സമാധാനത്തിനായി സംഗീതമൊരുക്കി സാധക; സമാധാന ഗീതങ്ങളുമായി പ്രമുഖ കലാകാരന്മാർ




ന്യൂയോർക്ക്: യുദ്ധങ്ങളും സംഘർഷങ്ങളും കലുഷിതമാക്കുന്ന ലോകത്തിന് സമാധാനത്തിന്റെ സന്ദേശം പകർന്നുനൽകാൻ സംഗീതവുമായി സാധകമ്യൂസിക് ഫൗണ്ടേഷൻ. ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന സാധക സ്കൂൾ ഓഫ് മ്യൂസിക്കും, കേരളത്തിലെ സാധക മ്യൂസിക് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന സ്നേഹാർദ്ര ഗീതങ്ങൾ വോയിസസ് ഫോർ വേൾഡ് പീസ്എന്ന ഓൺലൈൻ സംഗീത പരിപാടി ഏപ്രിൽ 18, 19 തീയതികളിൽ നടക്കും.

ഭാരതീയ ശാസ്ത്രീയ സംഗീതത്തെ പ്രവാസലോകത്ത് സജീവമായി നിലനിർത്തുന്നതിനൊപ്പം, കലയെ സാമൂഹിക നന്മയ്ക്കായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ആഗോള സംഗീത സംഗമം ഒരുങ്ങുന്നത്.

പ്രമുഖ കലാകാരന്മാരും, കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രാലയത്തിന്റെ ഡയറക്ടർ ജനറൽ പി. മനോജ് കുമാർ പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുക്കും. നീലേശ്വരം സ്വദേശിയായ അദ്ദേഹം സംഗീതത്തെയും, മറ്റ് ഇതര കലകളെയും നെഞ്ചിലേറ്റുന്ന വ്യക്തിത്വമാണ്. മലയാള സംഗീത ലോകത്തെ ഇതിഹാസങ്ങളായ ജെറി അമൽദേവ്, പണ്ഡിറ്റ് രമേശ് നാരായൺ, ബേണി എന്നിവർക്കൊപ്പം പ്രശസ്ത ഗായകൻ സുദീപ് കുമാർ, മധുശ്രീ നാരായൺ എന്നിവരും പരിപാടിയുടെ ഭാഗമാകും. കൂടാതെ സ്റ്റാർ സിംഗർ ഫെയിം തീർത്ഥ സത്യൻ, കൃഷ്ണശ്രീ തുടങ്ങി നിരവധി യുവ പ്രതിഭകളും ഈ സംഗീത യജ്ഞത്തിൽ അണിനിരക്കും.

സാധക ഡയറക്ടർ കെ.ഐ. അലക്സാണ്ടറുടെ നേതൃത്വത്തിൽ ഒരുങ്ങുന്ന ഈ പരിപാടിയിൽ ലോകമെമ്പാടുമുള്ള സംഗീതപ്രേമികൾക്ക് പങ്കുചേരാവുന്നതാണ്. സംഗീതത്തിലൂടെ സമാധാനത്തിന്റെ ഒരു പുതിയ തരംഗം സൃഷ്ടിക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന് സംഘാടകർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് :+1 267 632 1557

## ഇറാനുമായുള്ള യുദ്ധം അവസാനിപ്പിക്കാൻ ആവശ്യപ്പെട്ട് ലിയോ പതിനാലാമൻ മാർപാപ്പ



വത്തിക്കാൻ: ഇറാനുമായുള്ള യുദ്ധം അവസാനിപ്പിക്കാൻ ഇസ്രായേൽ പ്രസിഡന്റ് ഐസക് ഹെർസോഗിനോട് മാർപാപ്പ ലിയോ പതിനാലാമൻ ആവശ്യപ്പെട്ടു.

ഹെർസോഗുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് മാർപാപ്പ ഇക്കാര്യം ആവശ്യപ്പെട്ടതെന്ന് വത്തിക്കാൻ വ്യക്തമാക്കി. ഇറാനുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നയതന്ത്ര ചർച്ചകൾ പുനരാരംഭിക്കണമെന്നും യുദ്ധമേഖലയിലെ സാധാരണക്കാരെ സംരക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മാനുഷിക മൂല്യങ്ങൾ പാലിക്കണമെന്നും ഇസ്രായേലിനോട് മാർപാപ്പ ആവശ്യപ്പെട്ടതായാണ് വത്തിക്കാനെ ഉദ്ധരിച്ച് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

ഇറാൻ ജറുസലേമിലെ ആരാധനാ കേന്ദ്രങ്ങളടക്കം ആക്രമിച്ചുവെന്ന് മാർപാപ്പയോട് പറഞ്ഞതായി ഇസ്രായേൽ പ്രസിഡന്റിന്റെ ഓഫീസ് പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു. ലബനനിലെ നിലവിലെ സാഹചര്യത്തെക്കുറിച്ചും അവിടുത്തെ ക്രൈസ്തവ സമൂഹങ്ങളുടെ സുരക്ഷയെക്കുറിച്ചും മാർപാപ്പയെ ധരിപ്പിച്ചുവെന്നും ഹെർസോഗിന്റെ ഓഫീസ് വ്യക്തമാക്കി. യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയുമായും മാർപാപ്പ ഫോണിൽ സംസാരിച്ചു. യുക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കാനും അവിടുത്തെ ജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കാനും അന്താരാഷ്ട്ര സമൂഹം സഹകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അമേരിക്കൻ വംശജനായ ആദ്യ മാർപാപ്പയാണ് ലിയോ പതിനാലാമൻ. ആഗോള ക്രൈസ്തവ സമൂഹം ഈസ്റ്റർ ആഘോഷത്തിന്റെ മുന്നൊരുക്കത്തിൽ നിൽക്കവെയാണ് മാർപാപ്പ ലോകസമാധാനത്തിനുള്ള ഇടപെടൽ നടത്തിയത്.

## ഒറാക്കിളിൽ വൻ പിരിച്ചുവിടൽ: ഇന്ത്യയിൽ മാത്രം 12,000 പേർക്ക് ജോലി നഷ്ടമായി

പ്രമുഖ ക്ലൗഡ് കമ്പനിയായ ഒറാക്കിൾ ആഗോളതലത്തിൽ നടത്തുന്ന പുനഃസംഘടനയുടെ ഭാഗമായി ആയിരക്കണക്കിന് ജീവനക്കാരെ പിരിച്ചുവിട്ടു. ലോകമെമ്പാടുമായി ഏകദേശം 30,000 പേർക്ക് ജോലി നഷ്ടമായപ്പോൾ, ഇതിൽ ഏറ്റവും വലിയ പ്രഹരമേറ്റത് ഇന്ത്യയ്ക്കാണ്. ഇന്ത്യയിലെ വിവിധ ഓഫീസുകളിലായി 12,000 പേരെയാണ് കമ്പനി ഒഴിവാക്കിയത്.

യാതൊരു മുന്നറിയിപ്പുമില്ലാതെ അയച്ച ഓട്ടോമേറ്റഡ് ഇമെയിലിലൂടെയാണ് ജീവനക്കാരെ പിരിച്ചുവിട്ട വിവരം അറിയിച്ചത്. ഇമെയിൽ ലഭിച്ച് മിനിറ്റുകൾക്കുള്ളിൽ തന്നെ ജീവനക്കാരുടെ കമ്പ്യൂട്ടർ, ഇന്റേണൽ ഫയലുകൾ എന്നിവയിലേക്കുള്ള പ്രവേശനം കമ്പനി റദ്ദാക്കി.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ എന്നിവയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന്റെ ഭാഗമായാണ് ഈ മാറ്റം. എഐ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെ കുറഞ്ഞ ജീവനക്കാരെക്കൊണ്ട് കൂടുതൽ ജോലി ചെയ്യാമെന്ന കമ്പനിയുടെ കണക്കുകൂട്ടലാണ് ഇത്രയും പേരെ ഒഴിവാക്കാൻ കാരണം.

സ്വയം രാജിവെക്കാൻ തയ്യാറാകുന്നവർക്ക് നോട്ടീസ് പീരീഡിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെട്ട പാക്കേജ് കമ്പനി വാഗ്ദാനം ചെയ്തിട്ടുണ്ട്.

സോഫ്റ്റ്വെയർ എഞ്ചിനീയർമാർ മുതൽ പ്രോഗ്രാം മാനേജർമാർ, സൈബർ സെക്യൂരിറ്റി വിദഗ്ധർ എന്നിവർ വരെ ഈ പിരിച്ചുവിടൽ പട്ടികയിൽ ഉൾപ്പെടുന്നു.

ഐടി മേഖലയിലെ തൊഴിൽ സുരക്ഷയെക്കുറിച്ച് വലിയ ആശങ്കകൾക്ക് ഈ സംഭവം വഴിതെളിച്ചിരിക്കുകയാണ്.

April 15: **Pohela Boishakh**

The first day of the Bengali calendar is called Poila Boishakh, often referred to as Bangla Noboborsho. It is observed on April 14 in Bangladesh and April 15 in the Indian states of West Bengal, Tripura, Jharkhand, and Assam (Barak Valley), according to the lunisolar calendar. The Bengali business class begins its fiscal year on this day as well.

17 April - **World Haemophilia Day**

World Haemophilia Day is observed on 17 April every year to increase awareness about hemophilia disease and other inherited bleeding disorders. In 1989, World Haemophilia Day was started by the World Federation of Haemophilia (WFH) in honor of WFH founder Frank Schnabel's birthday.

## അമേരിക്കയുടെ 250-ാം വാർഷികം: 395-ാമത് ആർമി ബാൻഡിന്റെ സംഗീത വിരുന്ന്



**- പി പി ചെറിയാൻ**

ഒക്ലഹോമ സിറ്റി: അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ 250-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഒക്ലഹോമ ഹിസ്റ്ററി സെന്ററിൽ 395-ാമത് ആർമി ബാൻഡ് ഉജ്ജ്വലമായ സംഗീത പരിപാടി അവതരിപ്പിച്ചു. അമേരിക്ക 250എന്ന് പേരിട്ടിരിക്കുന്ന ഇ ൗ ആഘോഷം രാജ്യത്തിന്റെ ചരിത്രപരമായ നേട്ടത്തെ അനുസ്മരിക്കുന്നതാണ്.

ദേശഭക്തി ഗാനങ്ങളും ആധുനിക സംഗീത ശൈലികളും കോർത്തിണക്കിയ പരിപാടിയിൽ സൈനിക പാരമ്പര്യവും കലാപരമായ മികവും ഒത്തുചേർന്നു. മസ്റ്റാങ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ ബാൻഡ് അമേരിക്കയിലെ 13 ആർമി റിസർവ് ബാൻഡുകളിൽ ഒന്നാണ്. ആരോഗ്യരംഗത്തും വിദ്യാഭ്യാസ മേഖലയിലും ജോലി ചെയ്യുന്ന സാധാരണക്കാരായ സൈനികരാണ് ഇതിലെ അംഗങ്ങൾ എന്നത് ഈ ബാൻഡിന്റെ പ്രത്യേകതയാണ്.

എല്ലാ പ്രായക്കാർക്കും ആസ്വദിക്കാവുന്ന തരത്തിൽ ഒരുക്കിയ ഈ കലാവിരുന്ന് രാജ്യത്തോടുള്ള ആദരവും സമൂഹത്തിന്റെ ഐക്യവും വിളിച്ചോതുന്നതായിരുന്നു.

## ചിക്കാഗോ സീറോമലബാർ രൂപത സ്ഥാപനത്തിന്റെ രജതജൂബിലി കൺവെൻഷൻ കിക്കോഫ് വിസ്കോൺസിനിൽ



**- തോമസ് ഡിക്രൂസ്**

മിൽവൗക്കി: ചിക്കാഗോ സീറോമലബാർ രൂപത സ്ഥാപനത്തിന്റെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ചു ചിക്കാഗോയിൽ 2026 ജൂലൈ 9 മുതൽ 12 വരെ സംഘടിപ്പിച്ചിട്ടുള്ള രജതജൂബിലി കൺവെൻഷന്റെ വിസ്കോൺസിനിലെ കിക്കോഫ് ചടങ്ങ് ഈസ്റ്റർ ദിനത്തിൽ മിൽവൗക്കിയിൽ വച്ച് നടന്നു. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് മുഖ്യാതിഥി ആയിരുന്നു.

മിൽവൗക്കി സെന്റ് ആന്റണി സീറോ മലബാർ മിഷൻ സന്ദർശിച്ച അഭിവന്ദ്യ പിതാവിനെ ഡയറക്ടർ റവ. ഫാ. നവീൻ പള്ളുരാത്തിൽ, ട്രസ്റ്റിമാരായ രഞ്ജു ജോസ്, തോമസ് ഡിക്രൂസ്, സൂസൻ ജോർജ്ജ് എന്നിവർ സ്വീകരിച്ചു.

ഈസ്റ്റർ സന്ദേശം നൽകിയതിനെ തുടർന്ന് അഭിവന്ദ്യ പിതാവ് നടത്തിയ പ്രഭാഷണത്തിൽ രജതജൂബിലി കൺവൻഷന്റെ കാതലായ ലക്ഷ്യങ്ങളും പ്രാധാന്യവും വിശദീകരിച്ചു. സീറോമലബാർ സഭയുടെ അമേരിക്കയിലെ വളർച്ചയും ദൗത്യപരമായ മുന്നേറ്റവും ഇടവകാംഗങ്ങളെ ഓർമിപ്പിച്ചു. വിശ്വാസസംരക്ഷണം, കുടുംബമൂല്യങ്ങൾ, സഭയിലെ യുവജനപങ്കാളിത്തം, സഭൈക്യം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള അപൂർവ അവസരമാണ് സിൽവർ ജൂബിലി കൺവെൻഷൻ. വിശ്വാസവും അറിവും സൗഹൃദവും പങ്കുവയ്ക്കുന്ന ഏറ്റവും അനുഗ്രഹീതവേദിയായി കൺവെൻഷനെ കാണണമെന്നും, യുവജനങ്ങളെയും പുതുതലമുറയെയും ഇതിലേക്ക് ആകർഷിക്കേണ്ടത് സഭാമക്കളുടെ ഉത്തരവാദിത്തമാണെന്നും കിക്കോഫ് നിർവ്വഹിച്ചുകൊണ്ട് മാർ ജോയി ആലപ്പാട്ട് പറഞ്ഞു.

മിൽവൗക്കിയിൽനിന്നും ഊഷ്മളമായ പ്രതികരണമാണ് കിക്കോഫ് ചടങ്ങിന് ലഭിച്ചത്. പാരിഷ് കൗൺസിൽ അംഗങ്ങളായ വർഷ വർഗീസ്, റവ. സി. സ്മിത പാറപ്പുറം സിഎംസി, ലിൻഡ വർഗീസ്, സ്റ്റീഫൻ പോളി, സെലിൻ സക്കറിയാസ്, ജെറിൻ ജോസഫ്, ഷൈനി കുര്യൻ, ഡോ. ക്രിസ്റ്റിന എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

## ലോസ് ഏഞ്ചൽസിൽ വിദ്യാഭ്യാസ മേഖല സ്തംഭനത്തിലേക്ക്; കൂറ്റൻ പണിമുടക്കിന് അധ്യാപകരും ജീവനക്കാരും

**ഏകദേശം 70,000 പേർ അടുത്ത ആഴ്ച ജോലി ബഹിഷ്കരിക്കും.**

ലോസ് ഏഞ്ചൽസ്: ശമ്പള വർദ്ധനവും മെച്ചപ്പെട്ട സേവന വ്യവസ്ഥകളും ആവശ്യപ്പെട്ട് ലോസ് ഏഞ്ചൽസിലെ പൊതുവിദ്യാലയങ്ങളിൽ വൻ പണിമുടക്കിന് ഒരുക്കം. അധ്യാപകർ, പ്രിൻസിപ്പൽമാർ, മറ്റ് ജീവനക്കാർ എന്നിവരുൾപ്പെടെ ഏകദേശം 70,000 പേർ അടുത്ത ആഴ്ച ജോലി ബഹിഷ്കരിക്കും. ഇതോടെ അഞ്ചര ലക്ഷത്തോളം വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടും.

ഏപ്രിൽ 14നകം ധാരണയിലെത്തിയില്ലെങ്കിൽ സമരം തുടങ്ങാനാണ് യൂണിയനുകളുടെ തീരുമാനം. 17 ശതമാനം ശമ്പള വർദ്ധനവ് അധ്യാപകർ ആവശ്യപ്പെടുമ്പോൾ 8 ശതമാനം മാത്രമേ നൽകാനാകൂ എന്ന നിലപാടിലാണ് അധികൃതർ. സമരം നടന്നാൽ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനും മറ്റുമായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് സ്കൂൾ ഡിസ്ട്രിക്റ്റ് അറിയിച്ചു.

# കാനഡയിൽ 1.2 കോടി ജനങ്ങൾക്ക് ബോണസ് തുക ഈ വസന്തകാലത്ത് അക്കൗണ്ടിലെത്തും

**– പി.പി ചെറിയാൻ**



കാനഡ: കാനഡയിലെ സാധാരണക്കാർക്ക് ആശ്വാസമേകാൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ലിബറൽ സർക്കാർ കാനഡ ഗ്രോസറീസ് ആൻഡ് എസൻഷ്യൽസ് ബെനഫിറ്റ്പദ്ധതി പ്രഖ്യാപിച്ചു. വിലക്കയറ്റത്തിൽ ബുദ്ധിമുട്ടുന്ന താഴ്ന്ന വരുമാനക്കാർക്കും ഇടത്തരക്കാർക്കുമായി 1.2 കോടിയിലധികം പൗരന്മാർക്കാണ് ഈ സാമ്പത്തിക സഹായം ലഭിക്കുക.

ജിഎസ്ടി ക്രെഡിറ്റിന്റെ 50 ശതമാനത്തിന് തുല്യമായ തുകയാണ് ലഭിക്കുക. അർഹതയനുസരിച്ച് 267 ഡോളർ മുതൽ 533 ഡോളർ വരെ ഒറ്റത്തവണയായി അക്കൗണ്ടിലെത്തും.

പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. 2024ലെ നികുതി റിട്ടേണുകൾ കൃത്യമായി ഫയൽ ചെയ്തവർക്ക് തുക നേരിട്ട് ബാങ്ക് അക്കൗണ്ടിലെത്തും.

ജൂലൈ മുതൽ ക്വാർട്ടർലി ജിഎസ്ടി പേയ്മെന്റുകളിൽ 25% വർധനവും സർക്കാർ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതോടെ ഒരു കുടുംബത്തിന് ഈ വർഷം ആകെ 1,890 ഡോളർ വരെ ആനുകൂല്യം ലഭിച്ചേക്കാം.

ഭക്ഷ്യവില വർധനവും പണപ്പെരുപ്പവും മൂലമുള്ള പ്രതിസന്ധി മറികടക്കാൻ 11.7 ബില്യൺ ഡോളറാണ് സർക്കാർ ഈ പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്നത്.

ജൂൺ മാസത്തിന് മുമ്പായി തുക വിതരണം ചെയ്യാനാണ് ലക്ഷ്യം. തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും ഔദ്യോഗിക വിവരങ്ങൾക്കായി മാത്രം സിആർഎ വെബ്സൈറ്റ് സന്ദർശിക്കണമെന്നും അധികൃതർ അറിയിച്ചു.

# ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണം ആഗസ്റ്റ് 22നു വോൾക്സ്ഫെസ്റ്റ് വെറൈൻ ഓഡിറ്റോറിയത്തിൽ




**– സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ നേതൃത്വത്തിൽ ഓണം ആഘോഷം ആഗസ്റ്റ് 22–ാം തീയതി ശനിയാഴ്ച ഫിലഡൽഫിയയിൽ നടക്കും.

ഫോറം ചെയർമാൻ ലീനോ സ്കറിയയുടെ നേതൃത്വത്തിലാണ് പരിപാടികൾ ഒരുക്കുന്നത്. ജനറൽ സെക്രട്ടറി ജോബി ജോർജ്, ട്രഷറർ രാജൻ സാമുവേൽ എന്നിവരും സംഘാടക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഓണം ചെയർമാനായി ബിനു മാത്യുവും കേരള ഡേ ചെയർമാനായി തോമസ് പോളും നേതൃത്വ നിരയിൽ പ്രവർത്തിക്കുന്നു.

എക്സിക്യൂട്ടീവ് വൈസ് ചെയർമാന്മാരായി വിൻസന്റ് ഇമ്മാനുവൽ, ജോർജ് ഓലിക്കൽ, അലക്സ് തോമസ്, സുധ കർത്ത, അഭിലാഷ് ജോൺ, ഫീലിപോസ് ചെറിയാൻ, ജീമോൻ ജോർജ്, ആഷ അഗസ്റ്റ്യൻ, ബിനു മാത്യു (ഓണാഘോഷ ചെയർമാൻ), സുമോദ് നെല്ലിക്കാല (പി.ആർ.ഒ), റോണി വറുഗീസ് (പ്രോഗ്രാം കോഡിനേറ്റർ), ജോർജ് നടവയൽ (അവാർഡ് കമ്മറ്റി), സാജൻ വറുഗീസ്, (ഐ.റ്റി കോഡിനേറ്റർ), അനൂപ് അനു (സോഷ്യൽ മീഡിയ കോർഡിനേറ്റർ), ദിലീപ് ജോർജ് (സ്പോർട്സ്), ജോൺ പണിക്കർ (ഓഡിറ്റർ) എന്നിവർ ഉൾപ്പെട്ട വിപുലമായ കമ്മിറ്റി പരിപാടിയുടെ വിജയത്തിനായി പ്രവർത്തിക്കുന്നു.

പൂക്കളമൊരുക്കി, ഓണസദ്യ ഒരുക്കി, വടം വലി, വള്ളംകളി, തിരുവാതിര, പുലികളി തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിച്ച് ആഘോഷിക്കുന്നു. അതേ ആവേശത്തോടെയും പാരമ്പര്യത്തോടെയും ട്രൈസ്റ്റേറ്റ് കേരള ഫോറവും ഈ വർഷം വിപുലമായ ഓണാഘോഷമാണ് സംഘടിപ്പിക്കുന്നത്.

വിവിധ കലാപരിപാടികൾ, സാംസ്കാരിക ഘോഷയാത്ര, ആകർഷകമായ ഓണസദ്യ എന്നിവയോടെ മലയാളി സമൂഹത്തിന്റെ ഐക്യവും പാരമ്പര്യവും ഉയർത്തിക്കാട്ടുന്ന ഈ മഹോത്സവത്തിൽ ഏവരും കുടുംബസമേതം പങ്കെടുക്കണമെന്ന് സംഘാടകർ അഭ്യർത്ഥിച്ചു.

# ഫൊക്കാന ഹെൽത്ത് ക്ലിനിക്കിന്റെ ന്യൂ ജേഴ്സി ഓഫീസ് ഉദ്ഘാടനം ചെയ്തു




**– ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക്: ഫൊക്കാനയുടെ ഡ്രീം പ്രൊജക്ടുകളിൽ ഒന്നായ ഫൊക്കാന ഹെൽത്ത് ക്ലിനിക്കിന്റെ ന്യൂ ജേഴ്സി ഓഫീസിന്റെ ഉദ്ഘാടനം ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി നിർവഹിച്ചു.

ന്യൂ ജേഴ്സി ഓഫീസ് ഇൻചാർജും ന്യൂ ജേഴ്സിയിലെ പ്രമുഖ ഡോക്ടറായ ജെയിംസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിൽ ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, റീജണൽ വൈസ് പ്രസിഡന്റ് കോശി കുരുവിള, റജിസ്ട്രേഷൻ കമ്മിറ്റി ചെയർ ഫ്രാൻസിസ് കരക്കാട്ട് എന്നിവരും പങ്കെടുത്തു ആശംസകൾ നേർന്ന് സംസാരിച്ചു.

നാട്ടിൽ നിന്നും വരുന്ന ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ആളുകൾക്കും അതുപോലെ അമേരിക്കയിലുള്ള ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മലയാളികൾക്കും ബേസിക് ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെ ആണ് ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് നിലവിൽ വന്നിരിക്കുന്നത്. ഈ ഹെൽത്ത് ക്ലിനിക്കുകളുടെ ന്യൂജേഴ്സി ഓഫീസ് ആയി പ്രവർത്തിക്കുന്നത് ഡോ. ജെയിംസ് എബ്രഹാം എംഡിയുടെ സ്വന്തം ഓഫീസിൽ തന്നെയാണ്.

ഡോ. ജെയിംസ് എബ്രഹാം എം.ഡി, 38 വർഷത്തെ മെഡിക്കൽ പരിചയം ഉള്ള ന്യൂ ജേഴ്സിയിലെ പ്രസിദ്ധനായ ഡോക്ടർ ആണ്. ന്യൂ ജേഴ്സിയിൽ 30 വർഷമായി പ്രവർത്തിക്കുന്നു. സെന്റ് മേരീസ് ജനറൽ ഹോസ്പിറ്റൽ, കെയർ പോയിന്റ് ഹെൽത്ത് ബേവൺ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററുമായും അഫിലിയേറ്റ് ആയാണ് പ്രവർത്തിക്കുന്നത്. അദ്ദേഹം സ്പെഷ്യലൈസ് ചെയ്യുന്നത് പൾമോളജി, ഇന്റേണൽ മെഡിസിൻ, ക്രിട്ടിക്കൽ കെയർ, സ്ലീപ്പ് മെഡിസിസ്സ് എന്നീ മേഖലകളിൽ ആണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും മെഡിസിൻ കഴിഞ്ഞു അമേരിക്കയിൽ എത്തിയ ഡോ. ജെയിംസ് എബ്രഹാം ടോപ് ഡോക്ടേർസ് റെക്കഗ്നേഷൻ ലിസ്റ്റിൽ അംഗമാണ്. ഔട്ട്സ്റ്റാൻഡിങ് ഹെൽത്ത് എഡ്യൂക്കേഷൻ നാഷണൽ ഹെൽത്ത് ഇൻഫർമേഷൻ അവാർഡ് നേടിയിട്ടുണ്ട്. നല്ല ഒരു ഡോക്ടർ എന്നതുപോലെതന്നെ നല്ല ഒരു മനുഷ്യ സ്നേഹികൂടിയാണ് അദ്ദേഹം. നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നു.

ദ്രുതഗതിയിലുള്ള മാറ്റങ്ങളാണ് ഫൊക്കാനയിൽ ഉണ്ടായത്. മിന്നൽ വേഗത്തിൽ ഉള്ള പ്രവർത്തനങ്ങൾ സമൂഹത്തിന്റെ താഴേത്തട്ടിൽ എത്തിക്കുവാൻ ഈ കമ്മിറ്റിക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. പുതിയ പുതിയ ആശയങ്ങൾ സംഘടനയിൽ കൊണ്ടുവരുന്നതും സംഘടനയെ പുരോഗതിലേക്ക് നയിക്കുന്നതും ഒരു ലീഡർഷിപ്പിന്റെ ക്വാളിറ്റി മാത്രമല്ല മറിച്ചു സമൂഹത്തോടുള്ള നമ്മുടെ കമ്മിറ്റ്മെന്റ് കൂടിയാണ്. ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് പ്രാവർത്തികമാക്കാൻ ഫൊക്കാനക്ക് കഴിയുന്നത് ഡോ. ജെയിംസ് എബ്രഹാമിനെ പോലെയുള്ള നല്ല കുറെ ഡോക്ടർമാരുടെ സഹകരണം കൊണ്ട് കൂടിയാണെന്നും സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

തന്റെ ഓഫീസും സ്റ്റാഫും ഫൊക്കാനയുടെ ഹെൽത്ത് ക്ലിനിക്കുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിൽ അതിയായ സന്തോഷമേ ഉള്ളു എന്നും തന്റെ സേവനങ്ങൾ അമേരിക്കൻ മലയാളീ സമൂഹത്തിന് പ്രയോജനപ്പെടുന്നതിൽ തനിക്ക് സംതൃപ്തി നൽകുന്ന കാര്യമാണ് എന്നും ഡോ. ജെയിംസ് എബ്രഹാം പറഞ്ഞു. തന്റെ പ്രവർത്തനങ്ങൾ ഒരു സേവനമായി തന്നെയാണ് ചെയ്യുന്നത് എന്നും അദ്ദേഹം അറിയിച്ചു.

ഫൊക്കാനയുടെ നിരവധി പ്രോഗ്രാമുകളിൽ ചിലതായ ഫൊക്കാന മെഡിക്കൽ കാർഡിനും, ഫൊക്കാന പ്രിവിലേജ് കാർഡിനും ശേഷം അമേരിക്കൻ മലയാളീ സമൂഹത്തിന് വളരെ അധികം പ്രയോജനം ലഭിക്കുന്ന മറ്റൊരു പ്രസ്റ്റീജിസ് പ്രോഗ്രാമായ ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് ഏവരുടെയും പ്രശംസക്ക് പാത്രമാകുന്നു.

# സവിതയുടെ സ്മരണയ്ക്കായി ടെക്സസ് സർവകലാശാലയിൽ സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുന്നു

**– പി.പി ചെറിയാൻ**

ടെക്സാസ്: കഴിഞ്ഞ മാർച്ചിൽ ഓസ്റ്റിനിലെ വെടിവെപ്പിൽ കൊല്ലപ്പെട്ട ഇന്ത്യൻ വംശജയായ വിദ്യാർത്ഥിനി സവിത ഷൺമുഖസുന്ദരത്തിന്റെ സ്മരണയ്ക്കായി സ്കോളർഷിപ്പ് ഫണ്ട് വരുന്നു. സവിതയുടെ കുടുംബവും സുഹൃത്തുക്കളും ചേർന്ന് നടത്തുന്ന ഈ സംരംഭത്തിന് ടെക്സസ് സർവകലാശാല പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികളെ സഹായിക്കുക എന്നതാണ് ഈ എൻഡോവ്മെന്റിന്റെ ലക്ഷ്യം. സവിതയുടെ വിദ്യാഭ്യാസത്തോടുള്ള താൽപ്പര്യവും സേവനമനോഭാവവും മുൻനിർത്തിയാണ് ഇത് രൂപീകരിച്ചിരിക്കുന്നത്.

5 ലക്ഷം ഡോളർ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന് തുല്യമായ തുക യൂണിവേഴ്സിറ്റി കൂടി നൽകുന്നതോടെ 10 ലക്ഷം ഡോളറിന്റെ (1 മില്യൺ) വലിയൊരു നിധി രൂപപ്പെടും. ഇത് പ്രതിവർഷം 8 മുതൽ 10 വരെ വിദ്യാർത്ഥികൾക്ക് സഹായകരമാകും.

യൂണിവേഴ്സിറ്റി ഓഫ് ടെക്സസിലെ ബിസിനസ് സ്കൂളിൽ സീനിയർ വിദ്യാർത്ഥിനിയായിരുന്നു 21കാരിയായ സവിത. ഇന്ത്യൻ സ്റ്റുഡന്റ്സ് അസോസിയേഷൻ എക്സിക്യൂട്ടീവ് ബോർഡ് അംഗമായും സവിത പ്രവർത്തിച്ചിരുന്നു.

മാർച്ച് 1ന് ഓസ്റ്റിനിലെ സിക്സ്ത് സ്ട്രീറ്റിലുണ്ടായ വെടിവെപ്പിലാണ് സവിത കൊല്ലപ്പെട്ടത്. സംഭവത്തിൽ സവിതയുൾപ്പെടെ മൂന്ന് പേർ മരിക്കുകയും 14 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

സവിതയുടെ ഓർമ്മകൾ നിലനിർത്താനും ഭാവി തലമുറയ്ക്ക് പഠനത്തിനുള്ള വഴി തുറക്കാനും ഈ സ്കോളർഷിപ്പ് ഉപകരിക്കുമെന്ന് സർവകലാശാല അധികൃതരും കുടുംബവും പ്രത്യാശ പ്രകടിപ്പിച്ചു.

18 April- **World Heritage Day**

This day is observed every year on 18 April to preserve the human heritage and recognize the efforts of all the relevant organizations in the field. This day was announced by the International Council on Monuments and Sites (ICOMOS) in 1982 and was approved by the General Assembly of UNESCO in 1983.

## പമ്പ ഫിലഡൽഫിയ ജോർജ് ഓലിക്കലിന് ഫൊക്കാന ജനറൽ സെക്രട്ടറി സ്ഥാനാർത്ഥിയായി പിന്തുണ

– സുമോദ് തോമസ് നെല്ലിക്കാല



ഫിലഡൽഫിയ: പമ്പ മലയാളി അസോസിയേഷൻ, ഫൊക്കാന ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്ന ജോർജ് ഓലിക്കലിന് ഔദ്യോഗിക പിന്തുണ. ലീല മാരേറ്റ് നയിക്കുന്ന ടീം എംപവർ പാനലിന്റെ സ്ഥാനാർത്ഥിയായാണ് ജോർജ് ഓലിക്കൽ തിരഞ്ഞെടുപ്പിനെ നേരിടുന്നത്.

പമ്പയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് ഈ തീരുമാനം. മലയാളി സമൂഹത്തിൽ ദീർഘകാലമായി സേവനം അനുഷ്ഠിച്ചിട്ടുള്ള അനുഭവസമ്പന്നനായ നേതാവായ ജോർജ് ഓലിക്കൽ ഫോക്കാനയുടെ പ്രവർത്തനങ്ങൾക്ക് ശക്തമായ ദിശാബോധം നൽകുമെന്ന് യോഗം വിലയിരുത്തി.

അമേരിക്കയിലെ ഇന്ത്യൻമലയാളി സമൂഹത്തിനായി 33 വർഷത്തിലധികമായി പ്രവർത്തിച്ചു വരുന്ന ജോർജ് ഓലിക്കൽ സമൂഹനിർമ്മാണം, സാംസ്കാരിക പൈതൃക സംരക്ഷണം, സംഘടനാ നേതൃത്വം എന്നിവയിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയ വ്യക്തിയാണ്.

ഫോക്കാനയിൽ ദേശീയ കമ്മിറ്റിയംഗമായി പ്രവർത്തിച്ച അദ്ദേഹം റീജിയണൽ വൈസ് പ്രസിഡന്റ്, അസോസിയേറ്റ് ട്രഷറർ, സ്പെല്ലിംഗ് ബി നാഷണൽ കോഓർഡിനേറ്റർ തുടങ്ങിയ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പമ്പയുടെ സ്ഥാപക അംഗവും നാലുവട്ടം പ്രസിഡന്റുമായിരുന്ന ജോർജ്, സംഘടനയുടെ വളർച്ചക്കും സ്ഥിരതയ്ക്കും നിർണായക പങ്ക് വഹിച്ചു. ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ സ്ഥാപക അംഗവും മുൻ ചെയർമാനുമായും, ഇന്ത്യൻ അമേരിക്കൻ കത്തോലിക്ക അസോസിയേഷന്റെ ഫിലാഡൽഫിയ പ്രസിഡന്റുമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ഇതിനുപുറമെ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഫിലഡൽഫിയ ചാപ്റ്ററിന്റെ ട്രഷററായും, ഇന്ത്യ പ്രസ്സ് ക്ലബ് യുഎസ്എ ഫിലഡൽഫിയ ചാപ്റ്ററിന്റെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മനീഷി നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ ബോർഡ് ഡയറക്ടറായും പ്രവർത്തിച്ച് കലാരംഗത്തെ വളർച്ചയ്ക്കും പിന്തുണ നൽകി.

മലയാളം നാടകം, സാഹിത്യം, സിനിമ എന്നീ മേഖലകളിൽ ജോർജ് ഓലിക്കൽ ശ്രദ്ധേയ സാന്നിധ്യമാണ്. നിരവധി നാടകങ്ങളിലും ഷോർട്ട് ഫിലിമുകളിലും അഭിനേതാവായും സംവിധായകനായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ന്യൂജഴ്സിയിൽ നടന്ന മനീഷി നാഷണൽ ഡ്രാമ ഫെസ്റ്റിവലിൽ മികച്ച നടനുള്ള പുരസ്കാരം നേടിയിട്ടുണ്ട്.

ഫിലഡൽഫിയ മലയാളം സാഹിത്യ വേദിയിലെ സജീവ അംഗമായ അദ്ദേഹം മലയാള ഭാഷയും സംസ്കാരവും പുതുതലമുറയിൽ വളർത്തുന്നതിന് വേണ്ടി പ്രവർത്തിച്ചു വരുന്നു.

ഇറ (സോയ നായർ സംവിധാനം) എന്ന ഷോർട്ട് ഫിലിമിൽ അഭിനയിച്ച് 2018ലെ ഫോക്കാന ഷോർട്ട് ഫിലിം അവാർഡ് നേടിയിട്ടുണ്ട്. അമേരിക്കൻ ഡയറീസ്, ചിത്രം എന്നീ പ്രോജക്റ്റുകളിലും പങ്കാളിയായ അദ്ദേഹം അമേരിക്കയിലെ മലയാളം ഷോർട്ട് ഫിലിം രംഗത്ത് സജീവ സാന്നിധ്യമാണ്.

ഫിലഡൽഫിയ നഗരത്തിലെ വാട്ടർ ഡിപ്പാർട്ട്മെന്റിൽ പ്രോഗ്രാം സയന്റിസ്റ്റായാണ് ജോർജ് ഇപ്പോൾ ജോലി ചെയ്യുന്നത്. മുൻപ് ബഹ്റൈനിലെ അമേരിക്കൻ എയർ ബേസ് പ്രോജക്റ്റിലും മുംബൈ ബുള്ളിയൻ അസോസിയേഷനിലും കെമിസ്റ്റായി പ്രവർത്തിച്ചിട്ടുണ്ട്.

കേരള സർവകലാശാലയിൽ നിന്ന് കെമിസ്ട്രിയിൽ ബിരുദവും പെൻസിൽവേനിയയിലെ ഈസ്റ്റേൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഓർഗനൈസേഷണൽ മാനേജ്മെന്റിൽ ബിരുദവും നേടിയിട്ടുണ്ട്.

സുതാര്യത, ഉൾക്കൊള്ളൽ, സംഘടനാ ശക്തീകരണം എന്നിവയെ മുൻനിർത്തിയാണ് ജോർജ് ഓലിക്കൽ തന്റെ സ്ഥാനാർത്ഥിത്വം മുന്നോട്ടുവയ്ക്കുന്നത്. അംഗ സംഘടനകളെ ശക്തിപ്പെടുത്തുക, യുവജന സാംസ്കാരിക പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക, കാര്യക്ഷമമായ ഭരണവും ആശയവിനിമയവും ഉറപ്പാക്കുക, മലയാളി പൈതൃകം സംരക്ഷിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

അനുഭവസമ്പത്തും പ്രതിബദ്ധതയും ഏകോപന ശേഷിയും ഉള്ള നേതാവായ ജോർജ് ഓലിക്കൽ ഫൊക്കാനയുടെ ഭാവി വളർച്ചയ്ക്ക് ശക്തമായ നേതൃത്വം നൽകുമെന്ന ആത്മവിശ്വാസമാണ് പമ്പ നേതൃത്വം പ്രകടിപ്പിച്ചത്.

19 April - **World Liver Day**

It is observed on 19 April to spread awareness about the diseases related to the liver. The liver is the second largest organ in the body. After the brain, it is also the second most complex organ in the body. It performs various crucial functions associated with digestion, immunity, metabolism, and the storage of nutrients within the body.

## സീറോമലബാർ യൂക്കറിസ്റ്റിക് കോൺഗ്രസ് സ്മരണിക സിബാച് ചിക്കാഗോയിൽ പ്രകാശനം ചെയ്തു



ന്യൂ ജേഴ്സി: ചിക്കാഗോ സെൻറ് തോമസ് സിറോമലബാർ കത്തീഡ്രൽ ദേവാലയത്തിൽ 2025ലെ സിറോമലബാർ യൂക്കറിസ്റ്റിക് കോൺഗ്രസിന്റെ സ്മരണികയായ സിബാച്പ്രകാശനം ചെയ്തു. ഇ ഈസ്റ്റർ തിരുനാളിനോടനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയ്ക്ക് ശേഷം രാവിലെ 11:15നായിരുന്നു ചടങ്ങ്.

ചിക്കാഗോ രൂപത മെത്രാൻ മാർ ജോയ് ആലപ്പാട്ട് സ്മരണികയുടെ ഔദ്യോഗിക പ്രകാശനം നിർവഹിച്ചു. കത്തീഡ്രൽ വികാരി ഫാ. തോമസ് കടുകപ്പള്ളിയുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ, സഭയുടെ മുതിർന്ന അംഗവും സീനിയർ ഫോറം പ്രതിനിധിയുമായ പി.ഡി.ജോസഫ് ആദ്യപ്രതി ഏറ്റുവാങ്ങി.

2025 മെയ് 23 മുതൽ 25 വരെ ന്യൂജേഴ്സിയിലെ സോമർസെറ്റിൽ നടന്ന ചരിത്രപ്രധാനമായ യൂക്കറിസ്റ്റിക് കോൺഗ്രസിന്റെ ആത്മീയ അനുഭവങ്ങൾ, പ്രധാന പ്രഭാഷണങ്ങൾ, വിശ്വാസസാക്ഷ്യങ്ങൾ എന്നിവയാണ് ഈ സ്മരണികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സഭയുടെ ഐക്യത്തിന്റെയും ദിവ്യകാരുണ്യ ഭക്തിയുടെയും പ്രതീകമായി ഈ പ്രസിദ്ധീകരണം നിലകൊള്ളുന്നതായി മാർ ജോയ് ആലപ്പാട്ട് തന്റെ സന്ദേശത്തിൽ വ്യക്തമാക്കി.

ന്യൂജേഴ്സിയിലെ സോമർസെറ്റ് സെൻറ് തോമസ് സിറോമലബാർ ഫൊറോന ദേവാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കോൺഗ്രസിന്റെ സ്മരണിക പ്രസിദ്ധീകരണത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും, പ്രത്യേകിച്ചു റവ.ഫാ.ആന്റണി സേവ്യർ പുല്ലുകാട്ട് (മുൻ വികാരി), റവ.ഫാ.ജോണിക്കുട്ടി പുലിശ്ശേരി (വികാരി), ട്രസ്റ്റിമാർ, എഡിറ്റോറിയൽ കമ്മിറ്റി അംഗങ്ങൾക്കും, വിവിധ സബ് കമ്മിറ്റികൾക്കും, സന്നദ്ധപ്രവർത്തകർക്കും ബിഷപ്പ് അഭിനന്ദനങ്ങൾ അറിയിച്ചു.

സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്(യോഹന്നാൻ 6:51) എന്ന വചനത്തെ ആസ്പദമാക്കി തയ്യാറാക്കിയ ഈ സ്മരണിക, വരും തലമുറകൾക്ക് വിലപ്പെട്ട ആത്മീയ സമ്പത്തായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സുവനീർ കമ്മിറ്റി അംഗങ്ങൾ: റോയ് മാത്യു, ടോം പെരുമ്പായിൽ, മിനേഷ് ജോസഫ്, സെബാസ്റ്റ്യൻ ആന്റണി, തെരേസ ടോമി, നിഷ അലക്സ്, മരിയേല പയ്യപ്പിള്ളി, റോസ് പോറവൻതട്ടിൽ, ജോർജ് ചെറിയാൻ, സജി ജേക്കബ് മുള്ളൂർ, ജിജോ തോമസ്, റോബർട്ട് ആന്റണി. റോബിൻ ജോർജ് (മുൻ ട്രസ്റ്റി), ബോബി വർഗീസ് (മുൻ ട്രസ്റ്റി), സുനിൽ ജോസ്, ലാസർ വെള്ളാറ, ബിജു ചക്കുപുരക്കൽ, സെബാസ്റ്റ്യൻ തോട്ടത്തിൽ എന്നിവരാണ് ട്രസ്റ്റിമാർ.

## നാട്ടിലെങ്ങും പാട്ടായി എസ്.ഐ.യു.സി.സി മ്യൂസിക് ക്ലബിന് ആവേശകരമായ തുടക്കം

– ഡോ. ജോർജ് എം. കാക്കനാട്

ഹൂസ്റ്റൺ: കല, സാംസ്കാരിക വിനിമയം, മാനസിക ഉല്ലാസം എന്നിവ മുൻനിർത്തി സൗത്ത് ഇന്ത്യൻ യു.എസ്.ചേംബർ ഓഫ് കൊമേഴ്സ് ആവിഷ്കരിച്ച മ്യൂസിക് ക്ലബ്ബിന്റെ ഉദ്ഘാടനം ആവേശകരമായ ചടങ്ങിൽ നടന്നു. സമൂഹത്തിന്റെ വിവിധ തുറകളിലുള്ള നിരവധി പേരുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങ് വൈവിധ്യമാർന്ന പരിപാടികൾ കൊണ്ട് ശ്രദ്ധേയമായി. പരിപാടിയുടെ ഭാഗമാകാൻ എത്തിയവർ വിവിധ ഗാനങ്ങൾ ആലപിച്ചതും സംഗീത സന്ധ്യയ്ക്ക് മാറ്റ് കൂട്ടി.

ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ മ്യൂസിക് ക്ലബ്ബിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. സംഗീതം ബാല്യം മുതൽ മനുഷ്യജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്നും ദൈനംദിന ജീവിതത്തെ അത് കൂടുതൽ അർത്ഥവത്താക്കുന്നുവെന്നും അദ്ദേഹം തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു.

ലോകപ്രശസ്ത സംഗീതജ്ഞനും ഗായകനുമായ റവ.ഡോ.പോൾ പൂവത്തിങ്കൽ ഓൺലൈൻ വഴി പങ്കെടുത്തു അനുഗ്രഹപ്രഭാഷണം നടത്തി. സംഗീതം മതപരമായ അതിർവരമ്പുകൾക്കതീതവും ദൈവീകവുമാണെന്ന് അദ്ദേഹം പറഞ്ഞു. മാനസിക ഏകാഗ്രത വർദ്ധിപ്പിക്കാനും പിരിമുറുക്കങ്ങളിൽ നിന്ന് മുക്തി നേടാനും സംഗീതം സഹായിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ചടങ്ങിൽ അദ്ദേഹം ആലപിച്ച ഗാനം കാണികളെ ഏറെ ആകർഷിച്ചു.

ചടങ്ങിൽ അധ്യക്ഷത വഹിച്ച ചേംബർ പ്രസിഡന്റ് ഡോ.ജോർജ് കാക്കനാട്ട്, സംഗീതം വഴി മാനസികാരോഗ്യം മെച്ചപ്പെടുത്താനും ജീവിത വെല്ലുവിളികളെ അതിജീവിക്കാനും സഹായിക്കുക എന്നതാണ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യമെന്ന് വ്യക്തമാക്കി. ഫോമ ഫൗണ്ടിംഗ് പ്രസിഡന്റും ചേംബർ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ശശിധരൻ നായർ ബോർഡ് അംഗങ്ങളെ അഭിനന്ദിക്കുകയും ഇത്രത്തോളം യഹോവ സഹായിച്ചു എന്ന ഗാനം ആലപിക്കുകയും ചെയ്തു.

മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ പ്രസിഡന്റ് റോയ് മാത്യു, തൃശ്ശൂർ അസോസിയേഷൻ പ്രസിഡന്റ് ധനിഷ സാം എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്നു സംസാരിച്ചു. പതിനഞ്ചാം വർഷത്തിലേക്ക് കടക്കുന്ന എസ്ഐയുസിസി ബിസിനസ് സംരംഭകർക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനകരമായ നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

ഈ പരിപാടിയുടെ വിജയത്തിനായി ചേംബർ സെക്രട്ടറി ബ്രൂസ് കൊളംബേൽ, ഫിനാൻസ് ഡയറക്ടർ സണ്ണി കാരിയ്ക്കൽ, മുൻ പ്രസിഡന്റ് ജിജി ഓലിക്കൻ, ജോയിന്റ് ട്രഷറർ സാം സുരേന്ദ്രൻ എന്നിവർ നേതൃത്വം നൽകി. സെക്രട്ടറി ബ്രൂസ് കൊളംബേൽ സ്വാഗതം ആശംസിച്ചു. വിജി കാരിയ്ക്കൽ, സാലി കാക്കനാട്ട് എന്നിവർ തയ്യാറാക്കിയ വിഭവസമൃദ്ധമായ വിരുന്നോടെ ചടങ്ങുകൾ സമാപിച്ചു.

സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിനൊപ്പം സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ തുടരുമെന്ന് എസ്ഐയുസിസി ഭാരവാഹികൾ അറിയിച്ചു. നിത്യജീവിതത്തിലെ സമ്മർദ്ദങ്ങൾ കുറയ്ക്കുക, ഭാവനാപരമായ കഴിവുകൾ വളർത്തുകയും വൈകാരിക സന്തുലിതാവസ്ഥ ഉറപ്പാക്കുകയും ചെയ്യുക, വളർന്നുവരുന്ന ഗായകർക്കും സംഗീത പ്രേമികൾക്കും ആവശ്യമായ മാർഗനിർദ്ദേശവും വേദിയും ഒരുക്കുക എന്നിവയാണ് മ്യൂസിക് ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ.

# ഇറാഖിൽ തടവിലാക്കപ്പെട്ട അമേരിക്കൻ മാധ്യമപ്രവർത്തകയെ മോചിപ്പിച്ചു



ന്യൂയോർക്: ഇറാഖിൽ സായുധ സംഘം തട്ടിക്കൊണ്ടുപോയ അമേരിക്കൻ ഫ്രീലാൻസ് മാധ്യമപ്രവർത്തക ഷെല്ലി കിറ്റിൽസൺ മോചിതയായി. ഏപ്രിൽ 7 ചൊവ്വാഴ്ച തടവുകാരെ കൈമാറുന്നതിന്റെ ഭാഗമായാണ് ഇവരെ വിട്ടയച്ചതെന്ന് ഇറാഖ് ഉദ്യോഗസ്ഥർ അറിയിച്ചു.

കഴിഞ്ഞ ആഴ്ച ബാഗ്ദാദിൽ വെച്ചാണ് ഷെല്ലിയെ ഇറാൻ അനുകൂല മിലിഷ്യ ഗ്രൂപ്പായ 'കതൈബ് ഹിസ്ബുള്ള' തട്ടിക്കൊണ്ടുപോയത്.

അമേരിക്കൻ താൽപ്പര്യങ്ങൾക്കെതിരെ പ്രവർത്തിച്ചതിന് പിടിയിലായ ചില മിലിഷ്യ അംഗങ്ങളെ വിട്ടയക്കുന്നതിന് പകരമായാണ് ഷെല്ലിയെ മോചിപ്പിച്ചത്.

ഷെല്ലി ഉടൻ തന്നെ ഇറാഖ് വിടണമെന്ന നിബന്ധനയിലാണ് സായുധ സംഘം ഇവരെ വിട്ടയച്ചത്.

അമേരിക്കൻ പൗരന്മാരെ തട്ടിക്കൊണ്ടുപോകുന്നത് വച്ചുപൊറുപ്പിക്കില്ലെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പ്രതികരിച്ചു.

ദീർഘകാലമായി ഇറാഖിലും സിറിയയിലും റിപ്പോർട്ടിംഗ് നടത്തുന്ന മാധ്യമപ്രവർത്തകയാണ് 49കാരിയായ ഷെല്ലി കിറ്റിൽസൺ. ഇറാഖിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് അമേരിക്കൻ വിദേശകാര്യ വകുപ്പ് പൗരന്മാർക്ക് വീണ്ടും മുന്നറിയിപ്പ് നൽകി.

# ഡി.സി. മേയർ സ്ഥാനാർത്ഥി പട്ടികയിൽ ഇടംപിടിച്ച് ആദ്യ ദക്ഷിണേഷ്യൻ വംശജ റിനി സമ്പത്ത്



വാഷിംഗ്ടൺ ഡി സി :ഡി.സി. മേയർ സ്ഥാനാർത്ഥി പട്ടികയിൽ ഇടംപിടിച്ച് ആദ്യ ദക്ഷിണേഷ്യ ൻ വംശജ റിനി സമ്പത്ത്. വാഷിംഗ്ടൺ ഡി.സിയുടെ രാഷ്ട്രീയ ചരിത്രത്തിൽ പുതിയ നാഴികക്കല്ല് കുറിച്ച് മലയാളി വേരുകളുള്ള റിനി സമ്പത്ത് മേയർ സ്ഥാനാർത്ഥി പട്ടികയിൽ ഇടംപിടിച്ചു. ഈ നേട്ടം കൈവരിക്കുന്ന ആദ്യ ദക്ഷിണേഷ്യൻ വംശജയാണ് 31 കാരിയായ റിനി.

4,500ലധികം ആളുകളുടെ ഒപ്പുകൾ ശേഖരിച്ചാണ് റിനി ബാലറ്റിൽ ഇടം നേടിയത്. തമിഴ്നാട്ടിലെ തേനിയിൽ ജനിച്ച റിനി ഏഴാം വയസ്സിലാണ് അമേരിക്കയിലേക്ക് കുടിയേറിയത്.

ഒരു ഗവൺമെന്റ് കോൺട്രാക്ടറായി പ്രവർത്തിക്കുന്ന റിനി, ഒരു ഔട്ട്സൈഡർപ്രതിച്ഛായയോടെയാണ് മത്സരിക്കുന്നത്. നിലവിലെ നഗര ഭരണത്തിലെ പാളിച്ചകളെയും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തെയും അവർ രൂക്ഷമായി വിമർശിക്കുന്നു.

റോഡുകളിലെ കുഴികൾ അടയ്ക്കുക, ശുദ്ധജല വിതരണം മെച്ചപ്പെടുത്തുക, ജീവിതച്ചെലവ് കുറയ്ക്കുക, 911 എമർജൻസി സേവനങ്ങളുടെ വേഗത വർദ്ധിപ്പിക്കുക തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾക്കാണ് തന്റെ മുൻഗണനയെന്ന് റിനി വ്യക്തമാക്കി.

ഭരണരംഗത്ത് ദക്ഷിണേഷ്യൻ വംശജരുടെ പ്രാതിനിധ്യം ഉറപ്പാക്കാനും സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമാണ് താൻ ശ്രമിക്കുന്നതെന്ന് അവർ പറഞ്ഞു.

ഡി.സി.യിലെ രാഷ്ട്രീയ വമ്പന്മാർക്കെതിരെ മാറ്റത്തിന്റെ ശബ്ദമായാണ് റിനി സമ്പത്ത് തന്റെ പ്രചരണം മുന്നോട്ട് കൊണ്ടുപോകുന്നത്.

21 April - **National Civil Service Day**

Every year on 21 April Civil Service Day is celebrated to rededicate and recommit themselves to the cause of the people. On this day Civil servants from various parts of the country come together, share their experiences and also learn about others' experiences of working in the public sector.

# ഇന്ത്യ പ്രസ് ക്ലബ് ഷിക്കാഗോ ചാപ്റ്റർ സംഘടിപ്പിച്ച കേരളം ഇലക്ഷൻ ഡിബേറ്റ് 2026 തീപാറുന്ന സംവാദമായി




ഷിക്കാഗോ: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഷിക്കാഗോ ചാപ്റ്ററിന്റെ നേതൃത്വത്തിൽ കേരളം ഇലക്ഷൻ ഡിബേറ്റ് 2026 സംഘടിപ്പിച്ചു.

ഏപ്രിൽ 6, തിങ്കളാഴ്ച മോർട്ടൻ ഗ്രോവിലെ സെന്റ് മേരീസ് ചർച്ച് ഹാളിൽ നടന്ന ചർച്ചയിൽ മൂന്നു മുന്നണികളേയും പ്രതിനിധീകരിച്ച പാനലുകൾ അവരവരുടെ നേട്ടങ്ങളെ ഉയർത്തി കാട്ടി. ഫ്ളവേഴ്സ് ടി വി യുഎസ് എയുടെ സി ഇ ഒ ബിജു സഖറിയയും പ്രവാസി സാഹിത്യകാരനായ അനിലാൽ ശ്രീനിവാസനുമാണ് ചർച്ചകൾ മോഡറേറ്റ് ചെയ്തത്.

തിരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കെ കേരളത്തിലെ തിരഞ്ഞെടുപ്പ് വിഷയങ്ങളും വിവാദങ്ങളും ചർച്ച ചെയ്ത മികച്ച സംവാദമാണ് അമേരിക്കൻ മലയാളികൾ കാഴ്ചവച്ചത്. വിലക്കയറ്റം, തൊഴിലില്ലായ്മ, വികസനം, പൊതുകടം, ആരോഗ്യ വിദ്യാഭാസ മേഖലയിലെ പ്രശ്നങ്ങൾ, സാമൂഹിക മത രാഷ്ട്രീയ വിഷയങ്ങൾ, ക്ഷേമപദ്ധതികൾ, ശബരിമല സ്വർണക്കൊള്ള തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ ഉയർന്നുവന്നു. ജന്മനാട്ടിലെ ഓരോ സ്പന്ദനവും മനസ്സിൽ സൂക്ഷിക്കുന്ന ഷിക്കാഗോ മലയാളികളുടെ സ്വരമാണ് ഈ സംവാദത്തിൽ അലയടിച്ചത്. അത് റിപ്പോർട്ട് ചെയ്യാൻ നിരവധി മലയാളം മാധ്യമങ്ങളും എത്തിയിരുന്നു.

10 വർഷത്തെ വികസന നേട്ടങ്ങളും ക്ഷേമ പെൻഷൻ, ലൈഫ് മിഷൻ പോലുള്ള ക്ഷേമ പദ്ധതികളുടെ കൃത്യമായ വിതരണവും ചൂണ്ടിക്കാട്ടിയാണ് എൽഡിഎഫ് ക്യാംപെയ്ൻ പൊടിപൊടിച്ചത്. ഏറ്റവും ഒടുവിൽ യുഡിഎഫിന്റെ വയനാട് ഫണ്ട് തട്ടിപ്പ് എന്ന ആരോപണം കേരളത്തിൽ ഉടനീളം ചർച്ചയാക്കാനും എൽഡിഎഫിന് സാധിച്ചു. എൽഡിഎഫിനു വേണ്ടി സംസാരിച്ചത് ജോയൽ ജോയിയും പീറ്റർ കുളങ്ങരയും അടങ്ങിയ പാനൽ ആയിരുന്നു.

ജോയൽ ജോയി പ്രകടനപത്രിക എന്നത് തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ വെറുതെ അടിച്ചിറക്കുന്ന ഒരു ബുക്ക്ലെറ്റ് മാത്രമായിരുന്നു. എന്നാൽ എൽഡിഎഫ് ഭരണത്തിൽ എത്തിയപ്പോൾ മുതൽ പ്രകടന പത്രികയിലുള്ളത് കൃത്യമായി നടപ്പിലാക്കുകയും അതിന്റെ പുരോഗതി വിലയിരുത്തുന്ന പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു. അഡ്മിനിസ്ട്രേഷൻ രംഗത്തെ മികവാണ് എൽഡിഎഫിന്റെ പദ്ധതികളെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടു പോകാൻ സഹായിച്ചത്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ എൽഡിഎഫ് നടപ്പാക്കിയ നൂതന ആശയങ്ങളും പദ്ധതികളും ദീർഘവീക്ഷണത്തോടെയുള്ളതാണ്. അതിന്റെ യഥാർഥ ഫലം കാണാനാകുന്നത് 8,10 വർഷങ്ങൾക്ക് അപ്പുറമാണ്. പലരും ക്ഷേമപദ്ധതികളെ സൗജന്യങ്ങളായി തെറ്റിദ്ധരിക്കുകയാണ്. എന്നാൽ രണ്ടും രണ്ടാണ്. ക്ഷേമപദ്ധതികൾ സമൂഹത്തിനു വേണ്ടിയുള്ള ദീർഘകാല നിക്ഷേപങ്ങളാണ്. ഇത്തരം പദ്ധതികളുടെ പൂർണ ഫലം ലഭിക്കാൻ തീർച്ചയായും ഭരണത്തുടർച്ച അനിവാര്യമാണ്.

ഭരണമാറ്റം ഇടതുപക്ഷം ആഗ്രഹിച്ചാൽ പോലും കോൺഗ്രസ് ഗ്രൂപ്പ് കളിമൂലം അതു പോലും സമ്മതിക്കാത്ത സ്ഥിതിയാണെന്ന് പീറ്റർ കുളങ്ങര അഭിപ്രായപ്പെട്ടു. കേരളത്തിൽ ഇടതുപക്ഷത്തിന് ഇളക്കം തട്ടാത്ത 55 – 60 സീറ്റ് എന്തായാലും ഉണ്ട്. വളരെ കുറച്ചു സീറ്റുകൾ അധികം നേടിയാൽ വീണ്ടും ഭരണത്തിലെത്തും. കോൺഗ്രസിൽ കേരളത്തിലെ ജനങ്ങൾക്ക് വിശ്വാസമില്ല. ആരു മുഖ്യമന്ത്രിയാകും എന്ന് കോൺഗ്രസുകാർക്ക് തന്നെ അറിയില്ല. എന്നാൽ എൽഡിഎഫ് അങ്ങനെയല്ല, പിണറായി എന്ന ശക്തനായ നേതാവുണ്ട്. ഏതു പ്രതിസന്ധിയേയും അതിജീവിക്കാൻ കഴിവുള്ള നേതാവാണ് അദ്ദേഹമെന്ന് പ്രളയകാലത്തും കോവിഡ് കാലത്തും തെളിയിച്ചിട്ടുള്ളതുമാണ്. വയനാട്ടിലെ ജനങ്ങൾക്ക് വീടു വച്ചുകൊടുക്കാം എന്ന് പറഞ്ഞ് കോൺഗ്രസ് ഫണ്ട് പിരിച്ചു. എന്നിട്ട് വീട് എവിടെ? ഫണ്ടിലും തിരിമറി കാട്ടിയില്ലേ? ജനം ഇതെല്ലാം കാണുന്നുണ്ട്.

എൽഡിഎഫ് ഭരണനേട്ടങ്ങൾ ഉയർത്തികാട്ടാനാണെങ്കിൽ നിരവധിയാണെന്ന് ജോൺ പാട്ടപതി അഭിപ്രായപ്പെട്ടു. തീരദേശ ഹൈവേ, മലയോര ഹൈവേ, വാട്ടർമെട്രോ, നിരവധി പാലങ്ങൾ, ഐടി പാർക്കുകൾ എല്ലാം കൺമുന്നിൽ കാണാവുന്ന നേട്ടങ്ങളാണ്. കുട്ടികൾ വിദേശത്തേക്ക് ജോലി തേടി പോകുന്നത് തൊഴിൽ ലഭിക്കാത്തതിനാലല്ല, മികച്ച ജീവിത സാഹചര്യങ്ങൾ തേടിയാണ്.

ഇന്ദിരാ ഗ്യാരന്റികൾ ജനങ്ങൾക്ക് ഇടയിൽ ചർച്ചയാക്കാൻ സാധിച്ചെന്നും അത് വോട്ടായി മാറുമെന്നുമാണ് യുഡിഎഫ് കണക്കുകൂട്ടൽ. സംസ്ഥാനം മുഴുവൻ യുഡിഎഫ് തരംഗം നിലനിൽക്കുന്നു എന്നാണ് മുന്നണിയുടെ വാദം. സ്ത്രീകൾക്ക് സൗജന്യ കെഎസ്ആർടിസി യാത്ര, ഒരു കുടുംബത്തിന് 25 ലക്ഷത്തിന്റെ ആരോഗ്യ ഇൻഷുറൻസ് ഉൾപ്പെടെ എല്ലാം കുടുംബങ്ങളുടേയും ക്ഷേമത്തിന് ഉതുകുന്നതെല്ലാം 5 ഇന്ദിരാഗ്യാരണ്ടികളിലൂടെ യുഡിഎഫ് ഉറപ്പാക്കിയിട്ടുണ്ടെന്നും അതുകൊണ്ട് 100നു മുകളിൽ സീറ്റ് യുഡിഎഫ് കടക്കുമെന്നുമാണ് യുഡിഎഫ് വിശ്വാസം. സണ്ണി വള്ളിക്കളവും സതീശൻ നായരും അടങ്ങുന്ന പാനലാണ് യുഡിഎഫിനായി സംസാരിച്ചത്.

തുടർ ഭരണം വന്നാൽ ഉറപ്പായും ധൂർത്തും താൻപോരിമയും സഹിക്കാൻ ജനങ്ങൾക്ക് പറ്റാതെ വരുമെന്ന് സണ്ണി വള്ളിക്കളം (പ്രവാസി കോൺഗ്രസ്) അഭിപ്രായപ്പെട്ടു. ഇപ്പോൾതന്നെ കേരളം കടക്കെണിയിലാണ്. എന്നാൽ ഖജനാവിലെ പണമെടുത്താണ് സർക്കാർ അവരുടെ പരസ്യം ചെയ്യുന്നത്. പിണറായി വിജയനെ സൗമ്യനായ, ചിരിക്കുന്ന നല്ല മുഖ്യമന്ത്രിയാക്കാനുള്ള പിആർ ശ്രമമാണ്. ചില സിനിമാ താരങ്ങളെയൊക്കെ കൊണ്ടുവന്ന് നടത്തുന്ന അഭിമുഖങ്ങളൊക്കെ നമ്മൾ കണ്ടതല്ലേ. ലക്ഷങ്ങൾ എത്രയാണ് പൊടിച്ചത്. യുഡിഎഫ് വന്നാൽ നടപ്പാക്കുന്ന 5 ഗ്യാരന്റികളെ കുറിച്ച് വ്യക്തമാക്കി കഴിഞ്ഞു. അത് മറ്റു സംസ്ഥാനങ്ങളിൽ നടപ്പാക്കി വിജയിപ്പിച്ചതുമാണ്. കോൺഗ്രസ് ഉറപ്പാക്കുന്ന മറ്റൊന്ന് അക്കൗണ്ടബിലിറ്റിയാണ്. ഉത്തരവാദിത്വമില്ലാത്ത എല്ലാ ഉദ്യോഗസ്ഥർക്ക് എതിരെയും നടപടി ഉണ്ടാകും.

ഇടതുപക്ഷത്തെ നല്ലൊരു ശതമാനം ആളുകളും ഇടതു സർക്കാരിനെ കൊണ്ട് സഹികെട്ട അവസ്ഥയിലാണെന്ന് സതീശൻ നായർ (ഐഒസി നാഷനൽ ഭാരവാഹി) പറഞ്ഞു. സർക്കാർ 5 വർഷം കഴിയുമ്പോൾ മാറി വരണം. അല്ലെങ്കിൽ ധൂർത്തും അഴിമതിയും അക്രമവും പെരുകും. അത് കേരളത്തിൽ വ്യക്തമായി കാണാനും സാധിക്കും. കേരളത്തിലെ യുവജനങ്ങൾക്ക് തൊഴിൽ ഇല്ല. എല്ലാവരുടേയും അവസ്ഥ അധോഗതിയാണ്. ▶

## ജോർജിയ ഉപതിരഞ്ഞെടുപ്പ്: റിപ്പബ്ലിക്കൻ പാർട്ടിക്ക് വിജയം; ഭൂരിപക്ഷത്തിൽ വൻ ഇടിവ്

**- പി.പി ചെറിയാൻ**

അറ്റ്ലാന്റ: ഏപ്രിൽ 7നു ജോർജിയയിലെ 14-ാം കോൺഗ്രഷണൽ ഡിസ്ട്രിക്റ്റിലേക്ക് നടന്ന ആവേശകരമായ പ്രത്യേക തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ക്ലേ ഫുള്ളർ വിജയിച്ചു.

ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയും മുൻ ആർമി ജനറലുമായ ഷോൺ ഹാരിസിനെയാണ് ഫുള്ളർ പരാജയപ്പെടുത്തിയത്. മുൻ പ്രതിനിധി മർജോറി ടെയ്‌ലർ ഗ്രീൻ രാജിവെച്ചതിനെ തുടർന്നാണ് ഇവിടെ തിരഞ്ഞെടുപ്പ് നടന്നത്.

ട്രംപിന്റെ പിന്തുണയോടെ മത്സരിച്ച മുൻ പ്രോസിക്യൂട്ടർ ക്ലേ ഫുള്ളർ വിജയിച്ചെങ്കിലും, കഴിഞ്ഞ തിരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് റിപ്പബ്ലിക്കൻ പാർട്ടിയുടെ ഭൂരിപക്ഷത്തിൽ വലിയ കുറവുണ്ടായി. 2024ൽ ട്രംപ് 37 ശതമാനം വോട്ടിന് മുന്നിട്ടുനിന്ന ഈ മണ്ഡലത്തിൽ ഫുള്ളറുടെ ലീഡ് വെറും 12 ശതമാനമായി ചുരുങ്ങി.

റിപ്പബ്ലിക്കൻ കോട്ടയായ ചാറ്റൂഗ കൗണ്ടിയിൽ പോലും കഴിഞ്ഞ തവണത്തെ 52 ശതമാനം ഭൂരിപക്ഷം ഇത്തവണ 40 ശതമാനമായി കുറഞ്ഞു.

ഇതൊരു പരാജയമാണെങ്കിലും, വരാനിരിക്കുന്ന 2026 മിഡ്ടേം തിരഞ്ഞെടുപ്പിന് മുന്നോടിയായി ഡെമോക്രാറ്റുകൾക്ക് വലിയ ആത്മവിശ്വാസം നൽകുന്ന ഫലമാണിതെന്ന് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു. ജനങ്ങൾ മാറ്റത്തിന് തയ്യാറെടുക്കുന്നു എന്നതിന്റെ സൂചനയാണിതെന്ന് ഷോൺ ഹാരിസ് പ്രതികരിച്ചു.

മർജോറി ടെയ്‌ലർ ഗ്രീൻ ജനുവരിയിൽ പദവി ഒഴിഞ്ഞതിനെ തുടർന്നാണ് ഈ സീറ്റിലേക്ക് വോട്ടെടുപ്പ് ആവശ്യമായി വന്നത്.

## ഇന്ത്യ പ്രസ് ക്ലബ് ഷിക്കാഗോ ചാപ്റ്റർ സംഘടിപ്പിച്ച കേരളം ഇലക്ഷൻ ഡിബേറ്റ് 2026

യുവാക്കൾ ലഹരിയിൽ അഭയം കണ്ടെത്തുകയാണ്. ലഹരിമാഫിയയുടെ ഹബ്ബായി കേരളം മാറി. പൊലീസാണെങ്കിൽ കേരളത്തിൽ അഴിഞ്ഞാടുകയാണ്. സാധാരണ ജനം വിലക്കയറ്റം മൂലം പൊറുതിമുട്ടുന്നു. സ്വജനപക്ഷപാതവും പിൻവാതിൽ നിയമനവും അനുസ്യൂതം തുടരുന്നു. സാധാരണക്കാരുടെ സഹകരണബാങ്കിൽ നിന്ന് പാർട്ടിക്കാർക്ക് മാത്രമേ ലോൺ കിട്ടുകയുള്ളു. പാർട്ടിക്കാർക്ക് മാത്രമേ ജോലി കിട്ടുകയുള്ളു. ജനം പൊറുതിമുട്ടിയിരിക്കുകയാണ്. എല്ലാവരും ഒരു മാറ്റം ആഗ്രഹിക്കുന്നു.

10 വർഷം ഭരിച്ചിട്ടും നടക്കാത്ത വികസനമാണോ ഇനി എൽഡിഎഫ് കേരളത്തിൽ നടത്താൻ പോകുന്നതെന്ന് ജോഷി വള്ളിക്കളം. കേരളത്തിലെ ജനങ്ങളെല്ലാം മണ്ടന്മാരാണ് എന്നാണ് വിചാരം. സത്യത്തിൽ ഇടതുപക്ഷം കേരളത്തിൽ ചെയ്യുന്നത് മണ്ടത്തരങ്ങളും വികസനത്തെ പിന്നോട്ടടിക്കുന്ന കാര്യങ്ങളുമാണ്. കൊച്ചി മെട്രോയും വിഴിഞ്ഞം തുറമുഖവും ഉമ്മൻചാണ്ടിയുടെ പദ്ധതികളാണ്. അതെല്ലാം എൽഡിഎഫ് അവരുടെ പദ്ധതികളാക്കി കൊണ്ടു നടക്കുകയാണ്. ഇതിനെല്ലാം അപ്പുറം എന്തു പദ്ധതിയാണ് ഇടതു സർക്കാർ കൊണ്ടു വന്നത്.

പ്രവാസി മലയാളികളുടെ ശബ്ദം കേരളത്തിൽ എത്തിക്കാനും അവരുടെ അവകാശങ്ങൾ നേടിയെടുക്കാനും ഒരു സംവിധാനം ആവശ്യമാണെന്ന് ജോസ് ഞാറവേലിൽ. കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ നിരവധി വ്യവസായങ്ങളും ഫാക്ടറികളും കേരളത്തിൽ പുതിയതായി ആരംഭിക്കേണ്ടത് ആവശ്യമാണ്.

ഭരിക്കുന്ന പാർട്ടിക്ക് ഒപ്പം നിൽക്കുന്ന സംഘടനയാണ് ഫൊക്കാന. ഭരണം മാറിയാലും ഇല്ലെങ്കിലും മികച്ച പദ്ധതികൾക്ക് തുടർച്ചയുണ്ടായാൽ മാത്രമേ വികസനം സാധ്യമാകൂ എന്ന് പ്രവീൺ തോമസ് (ഫൊക്കാന പ്രതിനിധി). പ്രവാസികൾക്ക് ഗുണകരമാകുന്ന വ്യക്തികളാണ് അധികാരത്തിൽ എത്തേണ്ടത്. പ്രവാസികളുടെ സ്വത്തും പ്രോപർട്ടിയും എസ്റ്റേറ്റുകളുമൊക്കെ സംരക്ഷിക്കുന്ന സംവിധാനം സർക്കാരിനു വേണം. മറ്റൊന്നു വിദ്യാർഥി രാഷ്ട്രീയത്തിന് പരിധികൾ നിശ്ചയിക്കണം എന്നാണ്.

സ്ഥാനാർഥികളുടെ മെറിറ്റു നോക്കി ജനപ്രതിനിധികളെ തിരഞ്ഞെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്ന് റോയി ചേലമലയിൽ അഭിപ്രായപ്പെട്ടു. മതത്തിന്റെ പേരിൽ സ്ഥാനാർഥികളെ വിലയിരുത്തുന്നത് ശരിയല്ല. ഏതു മതത്തിൽപെട്ട വ്യക്തിയാണെങ്കിലും മികച്ചയാൾ ആരോ അയാളെയാണ് വിജയിപ്പിക്കേണ്ടത്.

കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി രണ്ടു മുന്നണികളും ഒരുമിച്ചു നിന്ന് കേന്ദ്രത്തിൽ സമ്മർദം ചെലുത്തണമെന്നാണ് ബിജു തോമസിന്റെ ആവശ്യം. നോർക്ക ഐഡി കിട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രവാസികൾ സമ്മർദം ചെലുത്തണം.

ഐപിസിഎൻഎ ഷിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് പ്രസന്നൻ പിള്ള, സെക്രട്ടറി അലൻ ജോർജ്, ട്രഷറർ അനിലാൽ ശ്രീനിവാസൻ, ജോയിന്റ് ട്രഷറർ വർഗീസ് പാലമലയിൽ, ഡയറക്ടർ ബോർഡ് അംഗം ഡൊമിനിക് ചൊള്ളമ്പേൽ ഉൾപ്പെടെയുള്ള നേതൃസംഘമാണ് പരിപാടിക്ക് നേതൃത്വം നൽകിയത്. അഡ്വൈസറി ബോർഡ് അംഗങ്ങളായ ബിജു സഖറിയ, ബിജു കിഴക്കേക്കുറ്റ് എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

## സൺഷൈൻ അടൽറ്റ് ഡേ കെയർ സെന്ററിനു തുടക്കം




**- ജോസ് കാടാപുറം**

ദൈനംദിന ജീവിത പ്രവർത്തനങ്ങൾക്ക് സഹായം ആവശ്യമുള്ള മുതിർന്നവർക്കും, സീനിയർ സൈറ്റിസിൻസായ വ്യക്തികൾക്കു വേണ്ടി ന്യൂയോർക്കിലെ റോക്ലാൻഡ് കൗണ്ടി കേന്ദ്രികരിച്ചു സൺ ഷൈൻ അടൽറ്റ് ഡേ കെയർ എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചു.

ഡോക്ടർ ഫ്രാൻസിസ് ക്ലമന്റ്(സിഇഒ) സുനിൽ ജോസഫ് (പ്രസിഡെന്റ്), മീര രാജു പ്രോഗ്രാം ഡയറക്ടർ ഷാരോൺ മാത്യു പ്രോഗ്രാം കോർഡിനേറ്റർ എന്നിവരാണ് ഈ സ്ഥാപനത്തെ നയിക്കുന്നത് .

മുതിർന്നവർക്കു സുരക്ഷിതവും കരുതലും ആസ്വാദ്യകരവുമായി ഇവിടെ ചെലവഴിക്കാൻ കഴിയും. മാനസിക സന്തോഷം, മാനസിക ഉത്തേജനം, സാമൂഹിക ബന്ധം എന്നിവയെ പിന്തുണയ്ക്കുന്നതിനാണ് ഇവിടെ പരിപാടികൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കുക, സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുക, ജീവിത നിലവാരം ഉയർത്തുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം.

കൂടുതൽ വിവരങ്ങൾക്ക് 845 936 0355
CONTACTUS@SUNSHINESADC.COM

## അമേരിക്കയിലെ ഇന്ത്യൻ പൗരന്മാർക്ക് സഹായഹസ്തം നീട്ടി ന്യൂയോർക്ക് കോൺസുലേറ്റ്



**- ജീമോൻ റാന്നി**

ന്യൂയോർക്ക്: അമേരിക്കയിൽ താമസിക്കുന്ന ഇന്ത്യൻ പൗരന്മാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രമുഖ സംഘടനാ നേതാക്കൾ ഇന്ത്യൻ കോൺസുലേറ്റ് അധികൃതരുമായി നിർണായക ചർച്ച നടത്തി. ഇന്ത്യയുടെ ന്യൂയോർക്കിലെ കോൺസുൽ ജനറൽ അംബാസഡർ ബിനയ ശ്രീകാന്ത പ്രസാദിന്റെ നേതൃത്വത്തിലായിരുന്നു യോഗം.

ഫോമാ നാഷണൽ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക നേതാവ് സജി അബ്രഹാം, ഫോമാ മുൻ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, മാർത്തോമ സഭ കൗൺസിൽ അംഗം സന്തോഷ് അബ്രഹാം, ഫോമാ ജോയിന്റ് സെക്രട്ടറി പോൾ ജോസ്, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലഡൽഫിയ പ്രതിനിധി ജെയിംസ് പീറ്റർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്ക് മരണവുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങളിൽ മൃതദേഹം ഇന്ത്യയിലേക്ക് കൊണ്ടുപോകുന്നതിനായി 10,000 ഡോളർ വരെ സാമ്പത്തിക സഹായം ലഭ്യമാണെന്ന് കോൺസുലേറ്റ് അധികൃതർ അറിയിച്ചു. കൂടാതെ, ഗാർഹിക പീഡനം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ നേരിടുന്ന ഇന്ത്യൻ പാസ്പോർട്ട് ഉടമകളായ വനിതകൾക്ക് 4,000 ഡോളർ വരെ നിയമസഹായം നൽകുന്ന സംവിധാനവും നിലവിലുണ്ടെന്ന് വ്യക്തമാക്കി.

ന്യൂയോർക്കിലെ കോൺസുലേറ്റ് അടിയന്തര സേവനങ്ങൾക്കായി വർഷം മുഴുവൻ (365 ദിവസം) പ്രവർത്തിക്കുന്നതായും, ഒ.സി.ഐ , അറ്റസ്റ്റേഷൻ, പവർ ഓഫ് അറ്റോർണി തുടങ്ങിയ സേവനങ്ങൾക്കായി ഇന്ത്യൻ സമൂഹത്തിന് എപ്പോഴും സഹായം ലഭ്യമാക്കുന്നതാ യും അറിയിച്ചു.

അമേരിക്കയിലെ ഇന്ത്യൻ പൗരന്മാർക്ക് സേവനങ്ങൾ കൂടുതൽ എളുപ്പമാക്കുന്നതിന്റെ ഭാഗമായി, പെൻസിൽവാനിയയും ന്യൂജഴ്സിയും സംസ്ഥാനങ്ങളിലെ ഇന്ത്യൻ സമൂഹത്തിന് ഇനി എഡിസൺ, ന്യൂജഴ്സിയിലെ വി.എഫ്.എസ്. കേന്ദ്രത്തിൽ നിന്ന് സേവനങ്ങൾ ലഭ്യമാകും. തിങ്കൾ മുതൽ ശനി വരെ പ്രവർത്തിക്കുന്ന ഈ കേന്ദ്രം പാസ്പോർട്ട്, ഒ.സി.ഐ, അറ്റസ്റ്റേഷൻ, പവർ ഓഫ് അറ്റോർണി തുടങ്ങിയ വിവിധ കോൺസുലർ സേവനങ്ങൾ നൽകും.

ഇതോടെ സമീപ സംസ്ഥാനങ്ങളിലുള്ള ഇന്ത്യൻ പൗരന്മാർക്ക് ന്യൂയോർക്കിലേക്ക് യാത്ര ചെയ്യേണ്ട ബുദ്ധിമുട്ട് കുറയും. സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും ലഭ്യമാക്കുന്നതിനുള്ള കോൺസുലേറ്റിന്റെ ഭാഗമായാണ് ഈ നടപടി.

ഇന്ത്യൻ സമൂഹത്തിന്റെ ആവശ്യങ്ങൾ മുൻനിർത്തി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും ബന്ധപ്പെട്ടവർ അറിയിച്ചു.

സന്ദർശനം ഫലപ്രദമായിരുന്നുവെന്നും അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് കൂടുതൽ സേവനങ്ങൾ ഉറപ്പാക്കാൻ കോൺസുലേറ്റ് പ്രതിജ്ഞാബദ്ധമാണെന്നും പങ്കെടുത്തവർ പറഞ്ഞു.

# വിശ്വ സാഹോദര്യ സന്ദേശമുയർത്തി അമേരിക്കൻ ഹിന്ദു ഏകതാ സമ്മേളനം

**– സുരേന്ദ്രൻ നായർ**

കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) ഓൺലൈൻ മുഖേന സംഘടിപ്പിച്ച ഏകതാ സമ്മേളനം, അൻപതിലധികം ഹിന്ദു കൂട്ടായ്മകളുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി.

സനാതനധർമ്മത്തിന്റെ ബൗദ്ധികവും സർവ്വലൗകികവുമായ പ്രചാരണങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രജ്ഞ പ്രവാഹിന്റെ അഖില ഭാരത സംയോജകൻ ജെ. നന്ദകുമാർ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. 1893ൽ ചിക്കാഗോയിൽ നടന്ന സർവമത സമ്മേളനത്തിൽ സഹോദരീ സഹോദരന്മാരെഎന്ന വിപ്ലവാത്മക അഭിവാദ്യത്തോടെ ലോകത്തെ വിസ്മയിപ്പിച്ച സ്വാമി വിവേകാനന്ദന്റെ ദർശനങ്ങളെ അനുസ്മരിച്ചുകൊണ്ടാണ് അദ്ദേഹം പ്രഭാഷണം ആരംഭിച്ചത്. ഹിന്ദു മതം ലോകമതങ്ങളുടെ മാതാവാണെന്നും വസുധൈവ കുടുംബകം എന്ന ഭാരതീയ ദർശനം ലോകമെമ്പാടുമുള്ള മനുഷ്യരാശിയെ ഒരു കുടുംബമായി കാണുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സ്വാതന്ത്ര്യസമരകാലത്ത് നേരിട്ടിട്ടുള്ള രാഷ്ട്രീയ പോരാട്ടങ്ങളിൽ നിന്ന് അകലെയായിരുന്നെങ്കിലും, സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർത്ഥം നിലനിർത്താൻ കഴിയുന്ന ജാഗ്രതയുള്ള യുവതലമുറയെ വളർത്തിയെടുക്കുന്നതിൽ സ്വാമി വിവേകാനന്ദൻ നടത്തിയ ഐതിഹാസിക പ്രവർത്തനങ്ങളെ നന്ദകുമാർ വിശദീകരിച്ചു. വിവേകാനന്ദ ദർശനങ്ങളിൽ പ്രചോദിതനായി സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽ എത്തിയ മഹർഷി അരവിന്ദന്റെ ഉത്തരപ്പാറ പ്രസംഗം അദ്ദേഹം ഓർമ്മിപ്പിച്ചു. ഭാരതത്തിന്റെ ഉണർവ് ലോകത്തിനായാണെന്നും, ദേശീയത്വം ഭാരതത്തിന് വെറും രാഷ്ട്രീയമല്ല സനാതനധർമ്മത്തിന്റെ തത്വസംഹിതയാണെന്നും അരവിന്ദൻ പറഞ്ഞതിനെ അദ്ദേഹം ഉദ്ധരിച്ചു.

സനാതനധർമ്മം എല്ലാ വിശ്വാസങ്ങളെയും ഉൾക്കൊള്ളുന്ന സർവ്വലൗകിക മതമാണെന്നും, അതിന്റെ ക്ഷയം ഭാരതത്തെയും ലോകക്രമത്തെയും ബാധിക്കുമെന്നും മഹർഷി അരവിന്ദൻ മുന്നറിയിപ്പ് നൽകിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വാമി വിവേകാനന്ദന്റെയും മഹർഷി അരവിന്ദന്റെയും ദർശനങ്ങളിൽ പ്രചോദിതരായി ലക്ഷക്കണക്കിന് യുവാക്കൾ കർമ്മനിരതരായതിന്റെ ഫലമാണ് ഇന്നത്തെ ഭാരതത്തിന്റെ ഉണർവും ലോകനേതൃത്വത്തിലേക്കുള്ള യാത്രയുമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.

വൈദേശിക ആധിപത്യകാലത്ത് നഷ്ടപ്പെട്ട സാംസ്കാരിക പൈതൃകങ്ങളും ചരിത്രസാക്ഷ്യങ്ങളും വീണ്ടെടുക്കുന്ന ദേശീയ മുന്നേറ്റങ്ങളിൽ, സ്വാതന്ത്ര്യസമരകാലത്ത് വിദേശത്തിരുന്ന് ഇന്ത്യയെ പിന്തുണച്ച നേതാജി സുഭാഷ് ചന്ദ്രബോസ്, വീര സാവർക്കർ തുടങ്ങിയവരെപ്പോലെ ഇന്നത്തെ പ്രവാസ ഇന്ത്യക്കാരും മാതൃഭൂമിയോടൊപ്പം നിൽക്കണമെന്ന് നന്ദകുമാർ അഭ്യർത്ഥിച്ചു. ഏകം സത് വിപ്രാ ബഹുധാ വദന്തിഎന്ന സനാതന സങ്കൽപ്പം എല്ലാ മതങ്ങളും അംഗീകരിച്ചാൽ ലോകത്തിലെ മതകലഹങ്ങൾ അവസാനിക്കുമെന്ന പ്രത്യാശയോടെയാണ് അദ്ദേഹം പ്രഭാഷണം ഉപസംഹരിച്ചത്.

അമേരിക്കയുടെയും കാനഡയുടെയും വിവിധ ഭാഗങ്ങളിൽ നിന്നായി സമ്മേളനത്തിൽ പങ്കെടുത്ത സംഘടനാ നേതാക്കളെയും പ്രവർത്തകരെയും പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ സ്വാഗതം ചെയ്തു. വിഭാഗീയതകൾക്കും ജാതിവിവേചനങ്ങൾക്കും അതീതമായ ഹൈന്ദവ ഐക്യത്തിനായി കെ.എച്ച്.എൻ.എ മുൻകൈയെടുക്കുമെന്നും, എല്ലാ സംഘടനകളും അതിനൊപ്പം കൈകോർക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

സമ്മേളനത്തിൽ പങ്കെടുത്ത വിവിധ സംഘടനകളുടെ പ്രതിനിധികൾ ആശംസകൾ അറിയിച്ചു. ന്യൂയോർക്കിലെ ആദ്യകാല ഹൈന്ദവ സംഘടനയായ മലയാളി ഹിന്ദു മണ്ഡലം (മഹിമ) പ്രസിഡന്റ് രഞ്ജിത്ത് നായർ, ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗീതാമണ്ഡലത്തിനുവേണ്ടി ജോയിന്റ് സെക്രട്ടറി ബിജു കൃഷ്ണൻ, കേരള ഹിന്ദുസ് ഓഫ് ന്യൂജേഴ്സി പ്രസിഡന്റ് രഞ്ജിത്ത് പിള്ള, മിഷിഗൺ പ്രസിഡന്റ് ധനുഷ് കൊണ്ടോത്തു, സൗത്ത് ഫ്ലോറിഡ ഹിന്ദു കൂട്ടായ്മ പ്രസിഡന്റ് അഭിജിത് പഴയിടം, കേരള ഹിന്ദു ഫെഡറേഷൻ ഓഫ് കാനഡയെ പ്രതിനിധീകരിച്ച് ജയശങ്കർ പിള്ള എന്നിവർ സംസാരിച്ചു.

സംഘടനാ പ്രതിനിധികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് നന്ദകുമാർ മറുപടി നൽകി. തുടർന്ന് ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ അനുമോദന സന്ദേശം നൽകി.

മുൻ പ്രസിഡന്റ് സുരേന്ദ്രൻ നായർ നിയന്ത്രിച്ച സമ്മേളനത്തിൽ അനുശ്രീ ജയേഷ് ഈശ്വരപ്രാർത്ഥന ആലപിക്കുകയും, സെക്രട്ടറി സിനു നായർ നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ഏകതാ സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് അനഘ വാര്യർ, നന്ദകുമാർ ചക്കിങ്കൽ, സുരേഷ് (മിന്നസോട്ട), സുധ കർത്ത, ശ്രീജിത്ത് ശ്രീനിവാസൻ എന്നിവർ നേതൃത്വം നൽകി.

22 April- **World Earth Day**

This day is observed every year on 22 April to mark the anniversary of the birth of the modern environmental movement in 1970. In the Universe Earth is the only planet where life is possible and so it is necessary to maintain this natural asset. World Earth Day is celebrated to increase awareness about the importance of the planet.

# അനു സിത്താര മെഗാ ഷോ സിനി ഫ്യൂഷൻ 2026 ടിക്കറ്റ് വിതരണ ഉദ്ഘാടനം നിർവഹിച്ചു



**– ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: മെയ് മാസത്തിൽ അമേരിക്കയിൽ ഉടനീളം ഷോയുമായി എത്തുന്ന അനു സിത്താര ആൻഡ് ടീമിന്റെ ഷോകളുടെ ടിക്കറ്റ് വിതരണ ഉത്ഘാടനം ന്യൂയോർക്കിലെ സിത്താർ പാലസിൽ കൂടിയ യോഗത്തിൽ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി നിർവഹിച്ചു.

അമേരിക്കയിൽ നിന്നും മധുനുകരുന്ന തേൻ വണ്ടുകൾപോലെ കിളിക്കൊഞ്ചലിന്റെ കുളിർ നാദവുമായി എത്തുന്ന അനു സിത്താര മെഗാ ഷോ. പഴയതുപോലെ സ്റ്റേജ് ഷോകളുടെ ഒരു പൂക്കാലം തന്നെ തിരിച്ചു വരുന്നു. ചിരിക്കാനും ചിന്തിക്കാനുമുള്ള സ്ക്രിപ്റ്റുകളും തമാശകൾ കേട്ട് കാണികളെ പ്രകമ്പനം കൊള്ളിക്കാനും അനു സിത്താരയുടെ പത്തു അംഗ ടീം മെയ് മാസത്തിൽ അമേരിക്കയിൽ ഉടനീളം യാത്ര ചെയ്യുമ്പോൾ നിങ്ങൾക്കും നിങ്ങളുടെ സ്ഥലത്തു ഈ ഷോയ്ക്കു വേണ്ടി ബുക്ക് ചെയ്യാം.

സ്കൂൾ കലോൽസവ വേദികളിലൂടെ ശ്രദ്ധിക്കപ്പെട്ട നർത്തകിയായി സിനിമയിലെത്തിയ നടി അനു സിത്താര, ഏഷ്യാനെറ്റിലെ ബഡായി ബംഗ്ലാവിലൂടെ പ്രേക്ഷകരുടെ മനം കവർന്ന മോഡലും ടെലിവിഷൻ അവതാരകയും നടിയുമായ ആര്യ, അനുഗ്രഹീത ഗായകൻ വിപിൻ സേവ്യർ, ടെലിവിഷൻ ഷോകളിലൂടെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മിമിക്രി കലാകാരൻ രാജേഷ് അടിമാലി എന്നിവർക്കൊപ്പം കാർത്തിക, സുനുൽ പാറയ്ക്കൽ, അഖിൽ കവലിയൂർ, റോണി റാഫേൽ, ജസ്റ്റിൻ പോൾ തുടങ്ങിയവരും അണിനിരക്കുന്ന മെഗാ ഷോ ആണ് സിനി ഫ്യൂഷൻ 2026.

ടിക്കറ്റ് വിതരണ ഉദ്ഘാടന വേളയിൽ പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, റീജണൽ വൈസ് പ്രസിഡന്റ് ആന്റോ വർക്കി, നാഷണൽ കമ്മിറ്റി മെമ്പേർസ് ജീമോൻ വർഗീസ്, മത്തായി ചാക്കോ, ഫൊക്കാന ലീഡേഴ്സ് ഫിലിപ്പോസ് ഫിലിപ്പ്, ജോയി ഇട്ടൻ, വർഗീസ് ഉലഹന്നാൻ, രാജു ജോയി, നൈനാൻ ജേക്കബ്, ഷെമി ജേക്കബ്, ഫ്രാൻസിസ് കാരക്കാട്, ഷിബുമോൻ മാത്യു, ജിജി ടോം, അലക്സ് എബ്രഹാം, ലിജോ ജോൺ, ദേവസി പാലാട്ടി, ജോർജ് കുഴിയാഞ്ഞാൽ, ജോസഫ് മാത്യു, ജോൺ മാത്യു (ജോണി), മാധ്യമ പ്രവർത്തകർ സുനിൽ ട്രൈസ്റ്റാർ, ജോർജ് ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

അമേരിക്കൻ മലയാളികളുടെ പ്രഥമ ഫെഡറേഷനായ ഫൊക്കാനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആവിഷ്കരിച്ചിരിക്കുന്ന ഭവന നിർമാണ പദ്ധതിക്കായി പ്രമുഖ ചലച്ചിത്ര പ്രതിഭകൾ ഉൾപ്പെടെയുള്ളവരെ അണിനിരത്തി മെഗാ ഷോ സിനി ഫ്യൂഷൻ 2026 അരങ്ങേറുന്നത്. മെയ് രണ്ടാം തീയതി ന്യൂ ജേഴ്സിയിലും, മൂന്നാം തീയതി ന്യൂ യോർക്ക് റോക്ലാൻഡ് കൗണ്ടിയിലും മെയ് 9ന് കണക്ടികട്ടിലും, 10ന് ന്യൂ യോർക്ക് ലോങ്ങ് ഐലണ്ടിലും, മെയ് 18 നു ഹ്യൂസ്റ്റണിലും ഡാളസിലും മെയ് 23ന് ഫ്ളോറിഡയിലും ഉൾപ്പെടെ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ ചിരിയുടെ മാലപ്പടക്കത്തിന് തിരികൊളുത്തുവാനും, ഡാൻസും, പാട്ടും മിമിക്രിയുമായി സന്തോഷകരമായ ഒരു സന്ധ്യ ഒരുക്കുവാനും ഓർമ്മകളിൽ എന്നെന്നും ഓർത്തിരിക്കുവാനും ഉള്ള ഒരു ഷോ ആയിരിക്കും എന്നകാര്യത്തിൽ സംശയം വേണ്ട.

കൂടുതൽ വിവരങ്ങൾക്ക്: സജിമോൻ ആന്റണി 862438 2361

# അറിവിന്റെ ലോകവുമായി സന്തോഷ് പിള്ളയുടെ കഥയറിവ്യൂട്യൂബ് ചാനൽ പുറത്തിറങ്ങി

**– പി പി ചെറിയാൻ**




ഡാളസ്: യാത്രകളിലൂടെയും അഭിമുഖങ്ങളിലൂടെയും നേടിയെടുക്കുന്ന വിജ്ഞാനം ലോകമെമ്പാടുമുള്ള മലയാളികളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സന്തോഷ് പിള്ള പുതിയ യൂട്യൂബ് ചാനൽ ആരംഭിച്ചു. കഥയറിവ്എന്ന് പേരിട്ടിരിക്കുന്ന ഈ ചാനൽ, ചരിത്രവും സംസ്കാരവും കോർത്തിണക്കിയുള്ള ദൃശ്യാനുഭവമാണ് പ്രേക്ഷകർക്കായി വാഗ്ദാനം ചെയ്യുന്നത്.

ആദ്യ എപ്പിസോഡിൽ യൂറോപ്പിൽ നിന്നുള്ള കുടിയേറ്റക്കാർ അമേരിക്കയിൽ സ്ഥാപിച്ച ഏറ്റവും പുരാതനമായ ആരാധനാലയങ്ങളിൽ ഒന്നായദി കത്തീഡ്രൽ ബസിലിക്ക ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസിയെ കുറിച്ചുള്ള വിവരങ്ങളാണ് ചാനലിലെ ആദ്യ വീഡിയോയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ന്യൂ മെക്സി ക്കോയുടെ തലസ്ഥാനമായ സാന്തേഫേയിൽ സ്ഥിതി ചെയ്യുന്ന ഈ പള്ളിയുടെ ചരിത്രപരമായ പ്രാധാന്യം വീഡിയോ വിശദീകരിക്കുന്നു.

1610ൽ സ്പെയിനിൽ നിന്നും എത്തിയ 56 കുടിയേറ്റക്കാരാണ് ഈ ചരിത്ര പ്രസിദ്ധമായ ആരാധനാലയം നിർമ്മിച്ചത്. അമേരിക്കയിലെ കുടിയേറ്റ ചരിത്രത്തിന്റെയും വാസ്തുവിദ്യയുടെയും ഉത്തമ ഉദാഹരണമായി ഈ പള്ളി കണക്കാക്കപ്പെടുന്നു.

വൈവിധ്യമാർന്ന അറിവുകൾ പങ്കുവെക്കുന്ന ഈ ചാനലിലെ വീഡിയോകൾ കാണുന്നതിനായി യൂട്യൂബിൽ കഥയറിവ് എന്ന് സെർച്ച് ചെയ്യുക.

യാത്രകളെ സ്നേഹിക്കുന്നവർക്കും ചരിത്ര തൽപരർക്കും ഒരുപോലെ ഉപകാരപ്രദമാകുന്ന രീതിയിലാണ് സന്തോഷ് പിള്ള തന്റെ ചാനൽ വിഭാവനം ചെയ്തിരിക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ശ്രദ്ധേയമായ വീഡിയോകൾ ചാനലിലൂടെ പുറത്തുവിടുമെന്ന് അദ്ദേഹം അറിയിച്ചു.

## എം.എ യൂസഫലി ഫൊക്കാന കൺവെൻഷനിൽ വിശിഷ്ട അതിഥിയായി പങ്കെടുക്കുന്നു

**- ശ്രീകുമാർ ഉണ്ണിത്താൻ**

ചരിത്രമാകാൻ പോകുന്ന ഫൊക്കാന കൺവെൻഷനിൽ വിശിഷ്ട അതിഥിയായി മലയാളികളുടെ സ്വന്തം എം.എ യൂസഫലിയും പങ്കെടുക്കുന്നു.

ഫൊക്കാനാ ഇന്റർനാഷണൽ കൺവെൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് ഏത് പ്രവാസി സംഘാടനകളുടെയും ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു കൺവെൻഷന് സാക്ഷിയാകുന്ന ആസുലഭ നിമിഷങ്ങളിൽ നമ്മുടെ എം.എ യൂസഫലിയും എത്തുന്നത് കാലം കാത്ത് വെക്കുന്ന കരുണ ആയിരിക്കാം. പ്രമുഖ വ്യാപാര സ്ഥാപനമായ എം.കെ. ഗ്രൂപ്പിന്റെയും ലുലു ഹൈപ്പർ മാർക്കറ്റ് ഗ്രൂപ്പിന്റെയും മാനേജിങ് ഡയറക്ടറാണ് യൂസഫലി.

എം.എ യൂസഫലിയെ പറ്റി പറയുമ്പോൾ ഒരിടത്തും ആമുഖം ആവശ്യമില്ലാത്ത മലയാളി. രാഷ്ട്രപതി മുതൽ സാധാരണക്കാരന് വരെ ഈ പേര് പരിചിതം. ഗൾഫ് നാടുകളിലെ രാജസദസുകളിൽ എവർക്കും പ്രിയങ്കരൻ. ഗൾഫ് നാടുകളിലെന്ന പോലെ നാട്ടിലെയും മലയാളികളിൽ വലിയൊരു ഭാഗം യൂസഫലിയിൽ ഒരു രക്ഷിതാവിനെ കാണുന്നു. ജനനേതാക്കളും ഭരണാധികാരികളുമെല്ലാം ഇതിൽ പെടും. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ അവരുടെ പ്രയാസങ്ങളോ ആവശ്യങ്ങളോ എത്തിച്ചുകഴിഞ്ഞാൽ എന്തെങ്കിലും പരിഹാരം ഉണ്ടാവുമെന്ന് അവർ വിശ്വസിക്കുന്നു. ആ വിശ്വാസമാകട്ടെ അനുഭവങ്ങളിലൂടെയും കേട്ടറിവുകളിലൂടെയും അവർക്ക് ബോധ്യപ്പെട്ട കാര്യമാണ്. സ്വപ്രയത്നത്തിലൂടെ ലോകമറിയുന്ന ബിസിനസ്സുകാരൻ എന്നതിലുപരി പ്രശസ്തനായ ഒരു ജീവകാരുണ്യപ്രവർത്തകൻ കൂടിയാണ് അദ്ദേഹം.

43 രാജ്യങ്ങളിൽ നിന്നുള്ള 65,000ൽ പരം പേർക്ക് തൊഴിൽ നൽകുന്ന മനുഷ്യൻ എന്ന നിലയിൽ അത്രയോ അതിലേറെയോ കുടുംബങ്ങളുടെ നാഥൻ കൂടിയായി മാറുന്ന അദ്ദേഹം എല്ലാവർക്കും പൊതുസ്വീകാര്യനാവുന്ന തണൽമരമാണ്.

പതിനെട്ടാമത്തെ വയസിൽ 1973 ഡിസംബർ 26ന് ദുംറ എന്ന കപ്പലിൽ ദുബായിലേക്ക് ആദ്യ യാത്ര നടത്തിയ യൂസഫലി പൊള്ളുന്ന പകൽച്ചൂടും വിറയ്ക്കുന്ന തണുപ്പും അതിജീവിച്ച് ദുബായിൽ ജീവിതമാരംഭിച്ചു ബിസ്സിനസ്സിലൂടെ സ്വന്തം സാമ്രാജ്യം കെട്ടിയുയർത്തിയ അദ്ദേഹം മൂല്യങ്ങളാണ് എന്നും ബിസിനസ് വിജയത്തിന്റെ അടിത്തറ എന്ന് വിശ്വസിച്ചു പോരുന്നു.

ലോക രാജ്യങ്ങളിലെ വ്യവസായ പ്രമുഖൻ എന്ന പേരിലും അറിയപ്പെടുന്ന യൂസഫലിക്ക് 2005ൽ പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരവും 2008ൽ പത്മശ്രീ പുരസ്കാരവും ലഭിച്ചു. ലോകത്തിലെ ശതകോടിശ്വരന്മാരിൽ ഒരാളായ യൂസഫലി ഫോബ്സിന്റെ ലോക സമ്പന്നരുടെ പട്ടികയിലും ഇടം നേടി.

ലോകം അത്ഭുതത്തോടെ നോക്കിക്കാണുന്ന നമ്മളെ പോലെ പ്രവാസ ജീവിതം നയിച്ച് നമുക്ക് മാതൃക ജീവിതം നയിക്കുന്ന പത്മശ്രീ എം.എ യൂസഫലിയെ ഫൊക്കാന കൺവെൻഷനിലേക്ക് സ്വാഗതം ചെയ്യുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണിയും എക്സിക്യൂട്ടീവ് ടീമും അറിയിച്ചു.

## ഹൂസ്റ്റൺ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ഈസ്റ്റർ ഭക്തിസാന്ദ്രമായി



**- ഡോ. ജോർജ് എം. കാക്കനാട്**

ടെക്സസ്: ഹൂസ്റ്റൺ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ഒരാഴ്ച നീണ്ടുനിന്ന വിശുദ്ധ വാര കർമ്മങ്ങൾ ഈസ്റ്റർ ദിനത്തിൽ സമുചിതമായ ആഘോഷങ്ങളോടെ സമാപിച്ചു. ഇടവകാംഗങ്ങളുടെ വലിയ പങ്കാളിത്തത്തോടെ നടന്ന ശുശ്രൂഷകൾ വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും ഉജ്ജ്വല സാക്ഷ്യമായി മാറി.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സന്തോഷത്തിൽ ഊന്നിയായിരുന്നു ഈസ്റ്റർ ആഘോഷങ്ങൾ. പ്രത്യാശയുടെയും പുതിയ ജീവന്റെയും മരണത്തിന്മേലുള്ള വിജയത്തിന്റെയും സന്ദേശങ്ങൾ വിശ്വാസികൾ കൈമാറി.

ഈസ്റ്റർ സന്ദേശം നൽകിക്കൊണ്ട് ബിഷപ്പ് ഡോ. ഫിലിപ്പോസ് മാർ സ്റ്റേഫാനോസ് സംസാരിച്ചു. യേശുക്രിസ്തുവിന്റെ ജീവിതവും മരണവും പുനരുത്ഥാനവും കേവലം ഒരു കെട്ടുകഥയല്ല, മറിച്ച് ചരിത്രപരമായ യാഥാർത്ഥ്യവും ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന സത്യവുമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ നമ്മുടെ വിശ്വാസം വ്യർത്ഥമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പാപത്തെയും മരണത്തെയും ജയിച്ച ക്രിസ്തുവിന്റെ പുനരുത്ഥാനം കൃപയുടെ ഉറവിടമാണെന്നും സഭയുടെ നിലനിൽപ്പും പ്രബോധനങ്ങളും ഈ സത്യത്തിൽ അധിഷ്ഠിതമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ക്രിസ്തുവിന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും മനുഷ്യത്വം ദൈവകൃപയാൽ രൂപാന്തരപ്പെട്ടുവെന്നും നമ്മൾ ദൈവമക്കളായി ഉയർത്തപ്പെട്ടുവെന്നും ബിഷപ്പ് ഓർമ്മിപ്പിച്ചു. ജീവിതത്തിലെ സാമ്പത്തികമോ, കുടുംബപരമോ, ഔദ്യോഗികമോ ആയ ഏതു പ്രതിസന്ധികളിലും ദൈവകൃപയുടെ സാന്നിധ്യം അനിവാര്യമാണ്. പാപവും ബലഹീനതകളും നിറഞ്ഞ മനുഷ്യജീവിതത്തിൽ യഥാർത്ഥ സന്തോഷവും ശാന്തിയും നൽകാൻ ക്രിസ്തുവിനു മാത്രമേ സാധിക്കൂ എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

പുനരുത്ഥാന സന്ദേശം വിശ്വാസികളുടെ ആത്മീയവും ധാർമ്മികവുമായ ജീവിതത്തെ സ്വാധീനിക്കണമെന്നും ആധുനിക ലോകത്ത് അർത്ഥവത്തായ രീതിയിൽ ജീവിക്കാൻ പരിശ്രമിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. വിശുദ്ധ കുർബാനയിലുള്ള പങ്കാളിത്തം ദുഃഖത്തിന്റെയല്ല, മറിച്ച് ഉത്ഥിതനായ ക്രിസ്തുവുമായുള്ള സംഗമത്തിന്റെ സന്തോഷമാണ് നൽകേണ്ടതെന്നും ബിഷപ്പ് പറഞ്ഞു.

ശനിയാഴ്ച രാത്രി 7:00 മണിക്ക് ആരംഭിച്ച തിരുക്കർമ്മങ്ങളിൽ പ്രത്യേക ഈസ്റ്റർ ശുശ്രൂഷകൾ, ഭക്തിനിർഭരമായ പ്രദക്ഷിണം, സ്നേഹവിരുന്ന് എന്നിവ നടന്നു. വികാരി ഫാ. ബിന്നി ഫിലിപ്പിന്റെ നേതൃത്വത്തിൽ സെക്രട്ടറി സാലു സാമുവൽ, ട്രസ്റ്റി ഗീവർഗീസ് ജോർജ്, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവക കമ്മിറ്റി എന്നിവർ വിശുദ്ധ വാര ആഘോഷങ്ങൾക്ക് ക്രമീകരണങ്ങൾ ഒരുക്കി.

## മിഷിഗൺ ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക ഓൺലൈൻ മീറ്റ് സംഘടിപ്പിച്ചു




**- അബ്ദുൾ പുന്നയൂർക്കുളം**

ഡിട്രോയിറ്റ്: മിഷിഗൺ ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (മിലൻ) പ്രസിഡണ്ട് ആന്റണി മണലേലിന്റെ അധ്യക്ഷതയിൽ മിലന്റെ ഓൺലൈൻ മീറ്റ് ഏപ്രിൽ 1ന് നടന്നു.

വൈസ് പ്രസിഡണ്ട് സതീഷ് മാടമ്പത്ത് യോഗകാര്യങ്ങൾ ചർച്ച ചെയ്തു; ഭാവി പരിപാടികളെപ്പറ്റി സംസാരിച്ചു.

സെക്രട്ടറി അബ്ദുൾ പുന്നയൂർക്കുളം എല്ലാ ഒന്നര മാസം കൂടുമ്പോഴും ഒരു ഓൺലൈൻ മീറ്റിങ് പ്രാബല്യത്തിൽ വരുത്തണമെന്നും കൂടുതൽ സാഹിത്യ പരിപാടികൾ സംഘടിപ്പിച്ചു മിലനെ ശക്തിപ്പെടുത്തണമെന്നും പറഞ്ഞു.

ഡീട്രോയിറ്റിലും പരിസരത്തുമുള്ള സർഗ്ഗ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സാഹിത്യസ്നേഹികളുടെ രചനകൾ അവതരിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ജോയന്റ് സെക്രട്ടറി ജോമോൻ ജേക്കബ് ഊന്നിപ്പറഞ്ഞു.

മെയ് 16ന് നടത്തുന്ന ഓൺലൈൻ സാഹിത്യഅരങ്ങിൽ എല്ലാ മിലൻ അംഗങ്ങളെയും സാഹിത്യസ്നേഹികളെയും ഉൾപ്പെടുത്തുമെന്ന് സതീഷ് മാടമ്പത്ത് പറഞ്ഞു.

## മേരിലാൻഡ് ഗവർണർക്കെതിരെ രൂക്ഷവിമർശനം: മെഡിക്കെയർ അഴിമതി തടയുന്നതിൽ പരാജയമെന്ന് ആക്ഷേപം



മേരിലാൻഡ്: മെഡിക്കെയർ പദ്ധതിയിലെ ക്രമക്കേടുകൾ തടയുന്നതിൽ ഗവർണർ വെസ് മൂർ പരാജയപ്പെട്ടുവെന്ന് ആരോപിച്ച് ശക്തമായ വിമർശനം. അർഹതയില്ലാത്തവർക്കും അനധികൃത കുടിയേറ്റക്കാർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നത് അമേരിക്കൻ പൗരന്മാരുടെ അവകാശങ്ങൾ ഇല്ലാതാക്കുന്നുവെന്ന് വിമർശകർ ചൂണ്ടിക്കാട്ടി.

മെഡിക്കെയർ സംവിധാനത്തിൽ വ്യാപകമായ സാമ്പത്തിക തട്ടിപ്പുകൾ നടക്കുന്നുണ്ടെന്നും അത് ഗവർണർ അവഗണിക്കുകയാണെന്നും ആരോപണമുണ്ട്. അർഹതയില്ലാത്തവരെ പട്ടികയിൽ നിന്ന് നീക്കം ചെയ്യാൻ ഭരണകൂടം തയ്യാറാകണമെന്ന് പ്രതിഷേധക്കാർ ആവശ്യപ്പെട്ടു.

ഗവർണർ തന്റെ വോട്ടർമാരോട് നുണ പറയുകയാണെന്നും, അദ്ദേഹത്തിന്റെ അക്ഷമത സംസ്ഥാനത്തിന് ദോഷകരമാണെന്നും വിമർശനമുയർന്നു. വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ ഗവർണറെ പുറത്താക്കാൻ ജനങ്ങൾ തയ്യാറാകണമെന്നും പ്രസ്താവനയിൽ പറയുന്നു.

ഗവർണറുടെ നയങ്ങൾക്കെതിരെ ജനരോഷം ശക്തമാകുന്നു എന്ന സൂചനയാണ് ഈ വിമർശനങ്ങൾ നൽകുന്നത്.

23 April - **World Book and Copyright Day**

Every year on 23rd April this day is celebrated to promote the enjoyment of books and reading. It is necessary to recognize the magical powers of books because they generate a link between the past and the future, a bridge between generations and across cultures.

## ഫോമാ സെൻട്രൽ റീജിയൻ കലാമേള 26ന്



– ബിജു മുണ്ടക്കൽ

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ കലാമേള, ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് 2026 ഏപ്രിൽ 26ന് നടത്തപ്പെടുന്നതാണ്. കലാമേളയുടെ വിജയകരമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

കലാമേളയുടെ നടത്തിപ്പിനായി സാറ അനിൽ കോർഡിനേറ്ററും ഷൈനി ഹരിദാസ് കോ ഓർഡിനേറ്ററുമായി പ്രോഗ്രാം കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു. ഫോമാ സെൻട്രൽ റീജിയൻ ആർ വി പി ജോൺസൻ കണ്ണൂക്കാടൻ, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു, ട്രഷറർ രാജൻ തലവടി, ചെയർമാൻ ആന്റോ കവലക്കൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഒരു ടീം കലാമേളയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കും.

ഫണ്ട് റേയ്സിംഗ് കമ്മിറ്റി കോർഡിനേറ്റർസ് ജോൺ പാട്ടപതി, ഡോ.റോസ് വടകര, കോർഡിനേറ്റർസ് ഷന മോഹൻ, ആഗ്നസ് മാത്യു, ബിജോയ് മാത്യു, ജോജോ വെങ്ങാന്തറ, ജോസ് മണക്കാട്ട്, ബിനു കൈതക്കത്തൊട്ടിൽ, ഡോ.ജീൻ പുത്തെൻപുരക്കൽ, ജിതേഷ് ചുങ്കത്ത്, ജോയ് ഇണ്ടിക്കുഴി, ആഷ്‌ലി ജോർജ്, മനോജ് അച്ചേട്ട്, രഞ്ജൻ എബ്രഹാം, വർഗീസ് തോമസ്, ജോയ്സ് ചെറിയാൻ, ഡയാന സ്കറിയ, ബീന കണ്ണൂക്കാടൻ, ശാന്തി ജെയ്സൺ, പ്രേംജിത്ത് വില്യംസ്, ജാസ്മിൻ ഇമ്മാനുവേൽ, ബീന ജോർജ് എന്നിവരാണ് വിവിധ കമ്മിറ്റി അംഗങ്ങൾ.

ജോർജ് മാത്യു, ജോസി കുരിശിങ്കൽ എന്നിവർ നാഷണൽ കമ്മിറ്റി അംഗങ്ങളായും, സാബു കട്ടപ്പുറം റീജിയണൽ കോർഡിനേറ്ററായും, ആഷ മാത്യു വിമൻസ് റെപ്രെസെന്റേറ്റീവായും ബിജു മുണ്ടക്കൽ പി ആർ ഓ ആയും പ്രവർത്തിക്കുന്നു.

കലാമേളയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിക്കുന്നു.

## ഫോർട്ട് വർത്ത് പോലീസ് ഓഫീസറെ വാഹനം ഇടിച്ചു കൊലപ്പെടുത്തിയ കേസ്: യുവതിക്ക് ജീവപര്യന്തം തടവ്

– പി.പി ചെറിയാൻ

ഫോർട്ട് വർത്ത്: 2024ൽ ഡ്യൂട്ടിക്കിടെ ഫോർട്ട് വർത്ത് പോലീസ് സർജന്റ് ബില്ലി റാൻഡോൾഫിനെ വാഹനം ഇടിച്ചു കൊലപ്പെടുത്തിയ കേസിൽ 26കാരിയായ ഡി ഔജാലെ ഇവാൻസിന് കോടതി ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചു. തിങ്കളാഴ്ച ടാരന്റ് കൗണ്ടി കോടതിയിലാണ് ശിക്ഷാവിധി ഉണ്ടായത്.

2024 ഓഗസ്റ്റ് 12ന് ഐ35 ഡബ്ല്യൂ ഹൈവേയിൽ മറ്റൊരു അപകടസ്ഥലത്ത് ട്രാഫിക് നിയന്ത്രിക്കുകയായിരുന്നു 29 വർഷത്തെ സർവീസുള്ള ബില്ലി റാൻഡോൾഫ്. ഈ സമയത്ത് തെറ്റായ ദിശയിൽ അമിതവേഗതയിൽ വന്ന ഇവാൻസിന്റെ കാർ അദ്ദേഹത്തെ ഇടിച്ചു തെറിപ്പിക്കുകയായിരുന്നു.

അപകടസമയത്ത് ഇവാൻസ് മദ്യപിച്ചിരുന്നതായി അന്വേഷണത്തിൽ കണ്ടെത്തി. 10 ഷോട്ട് ടെകില കഴിച്ചിരുന്നതായി അവർ സമ്മതിച്ചിരുന്നു. രക്തപരിശോധനയിൽ മദ്യത്തിന്റെ അളവ് അനുവദനീയമായ പരിധിയിലും കൂടുതലാണെന്ന് വ്യക്തമായി.

മനപൂർവമല്ലാത്ത നരഹത്യയ്ക്ക് കുറ്റം സമ്മതിച്ചതിനെ തുടർന്നാണ് ജീവപര്യന്തം ശിക്ഷ വിധിച്ചത്. 30 വർഷത്തെ തടവ് പൂർത്തിയാക്കിയ ശേഷമേ ഇവർക്ക് പരോളിന് അപേക്ഷിക്കാനാവൂ.

നമ്മുടെ സമൂഹത്തിന് വേണ്ടി സേവനം അനുഷ്ഠിക്കുന്നതിനിടയിലാണ് ബില്ലി റാൻഡോൾഫ് കൊല്ലപ്പെട്ടത്. ഇത്തരം പ്രവൃത്തികൾക്ക് കഠിനമായ ശിക്ഷ തന്നെ നൽകേണ്ടതുണ്ട് എന്ന് ടാരന്റ് കൗണ്ടി ഡിസ്ട്രിക്റ്റ് അറ്റോർണി ഓഫീസ് വ്യക്തമാക്കി. ഇതിനുമുൻപും മറ്റൊരു ക്രിമിനൽ കേസിൽ ഇവാൻസ് പ്രൊബേഷനിലായിരുന്നു.

## റെക്സ് ഹ്യൂവർമാന്റെ ശിക്ഷ ജൂൺ 17ന്

ന്യൂയോർക്ക്: ലോംഗ് ഐലൻഡിനെ ദശകങ്ങളോളം ഭീതിയിലാഴ്ത്തിയ ഗിൽഗോ ബീച്ച് പരമ്പരക്കൊലപാതക കേസിലെ പ്രതി റെക്സ് ഹ്യൂവർമാൻ (62) കുറ്റം സമ്മതിച്ചു. 17 വർഷത്തിനിടെ എട്ട് സ്ത്രീകളെ ശ്വാസം മുട്ടിച്ചു കൊന്നതായാണ് ബുധനാഴ്ച കോടതിയിൽ ഇയാൾ ഏറ്റുപറഞ്ഞത്.

മൂന്ന് ജീവപര്യന്തം തടവും കൂടാതെ 100 വർഷത്തെ അധിക തടവിനും ഇയാൾ സമ്മതിച്ചു.മെലിസ ബാർത്തലെമി, മേഗൻ വാട്ടർമാൻ, അംബർ കോസ്റ്റല്ലോ തുടങ്ങി എട്ട് സ്ത്രീകളെ കൊലപ്പെടുത്തിയതായി ഇയാൾ കോടതിയിൽ സ്ഥിരീകരിച്ചു. 1993 മുതൽ 2010 വരെയുള്ള കാലയളവിലായിരുന്നു ഈ ക്രൂരകൃത്യങ്ങൾ.

# ഖാസിം സുലൈമാനിയുടെ ബന്ധുക്കൾ അമേരിക്കയിൽ തടവിൽ; ഗ്രീൻ കാർഡ് റദ്ദാക്കി



– പി.പി ചെറിയാൻ

ലോസ് ഏഞ്ചൽസ്: കൊല്ലപ്പെട്ട ഇറാനിയൻ കമാൻഡർ ഖാസിം സുലൈമാനിയുടെ അനന്തരവളെയും മകളെയും അമേരിക്കൻ ഇമിഗ്രേഷൻ വിഭാഗം കസ്റ്റഡിയിലെടുത്തു. ഇവരുടെ ഗ്രീൻ കാർ ഡ് റദ്ദാക്കിയതായും രാജ്യം വിടാൻ ഉത്തരവിട്ടതായും യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ അറിയിച്ചു.

ഖാസിം സുലൈമാനിയുടെ അനന്തരവൾ ഹമീദ സുലൈമാനി അഫ്ഷറും മകളുമാണ് ലോസ് ഏഞ്ചൽസിൽ വച്ച് പിടിയിലായത്.

ഇവർ ഇറാനിയൻ ഭരണകൂടത്തെ അനുകൂലിക്കുന്നവരാണെന്നും അമേരിക്കയെമഹാസാത്താൻ എന്ന് വിശേഷിപ്പിച്ച് ആക്രമണങ്ങളെ ആഘോഷിച്ചവരാണെന്നും മാർക്കോ റൂബിയോ വ്യക്തമാക്കി.

അമേരിക്കൻ വിരുദ്ധ ഭീകര ഭരണകൂടങ്ങളെ പിന്തുണയ്ക്കുന്നവർക്ക് യുഎസിൽ അഭയം നൽകില്ലെന്ന് റൂബിയോ എക്സിലൂടെ അറിയിച്ചു.

ഹമീദയുടെ ഭർത്താവിന് യുഎസിലേക്ക് പ്രവേശന വിലക്കേർപ്പെടുത്തി. കൂടാതെ, മുൻ ഇറാനിയൻ സുരക്ഷാ കൗൺസിൽ സെക്രട്ടറി അലി ലാരിജാനിയുടെ മകളുടെയും ഭർത്താവിന്റെയും വിസ നേരത്തെ റദ്ദാക്കിയിരുന്നു.

ഇറാനും അമേരിക്കയും തമ്മിലുള്ള സൈനിക സംഘർഷം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ, ശത്രു രാജ്യങ്ങളുമായി ബന്ധമുള്ളവർക്കെതിരെ ട്രംപ് ഭരണകൂടം കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്. 2020ലാണ് യുഎസ് ഡ്രോൺ ആക്രമണത്തിൽ ഖാസിം സുലൈമാനി കൊല്ലപ്പെട്ടത്.

## സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്

– ജിനേഷ് തമ്പി

ന്യൂയോർക്ക് : മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. കൃപയുടെ പാത്രങ്ങൾഎന്നതാണ് ചിന്താ വിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ദേവാലയത്തിൽ ജോൺ താമരവേലിൽ, റിംഗിൾ ബിജു, അകില സണ്ണി, മാത്യു ജോഷ്വ, മാത്യു വർഗീസ്, ഐറിൻ പോൾ, ഈതൻ കൂട്ടുമാത എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി. ഡോ. സക്കറിയ ഉമ്മൻ, നിക്കോൾ വർഗീസ് എന്നീ രണ്ട് ഇടവകാംഗങ്ങളും ടീമിനൊപ്പം ചേർന്നു.

ഇടവക വികാരി വെരി റവ. പൗലോസ് ആദായി കോറെപ്പിസ്കോപ്പയും ഇടവക കമ്മിറ്റിയും കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.

റവ. പൗലോസ് ആദായി കോറെപ്പിസ്കോപ്പ കോൺഫറൻസ് ടീം അംഗങ്ങളെ പരിചയപ്പെടുത്തുകയും കോൺഫറൻസിനു വേണ്ടിയുള്ള ടീമിന്റെ സമർപ്പണത്തിനും പരിശ്രമത്തിനും നന്ദി പറയുകയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ എല്ലാ ഇടവക അംഗങ്ങളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഭദ്രാസനത്തിലെ ഏറ്റവും വലിയ കോൺഫറൻസിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് ജോൺ താമരവേലിൽ സംസാരിച്ചു.

ഐറിൻ പോൾ, കോൺഫറൻസിന്റെ ചിന്താവിഷയത്തെ കുറിച്ചുള്ള വിശദാംശങ്ങൾ പങ്കുവച്ചു. കൂടാതെ, വ്യത്യസ്ത പ്രായത്തിലുള്ളവർക്കായി വിവിധ സെഷനുകളിൽ സംസാരിക്കുന്ന പ്രഭാഷകരുടെ പേരും പങ്കുവച്ചു.

ഡോ.തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ.എബി ജോർജ് (ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് പ്രധാന പ്രഭാഷകർ.

കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിനുള്ള സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ മാത്യു ജോഷ്വ നൽകി. റാഫിൾ പ്രോഗ്രാമിനെയും സമ്മാനങ്ങളേയും കുറിച്ച് അകില സണ്ണി സംസാരിച്ചു.

സുവനീറിലേക്ക് ലേഖനങ്ങൾ അയക്കാൻ ഈതൻ കൂട്ടുമാത ഇടവക അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും വിവിധ വ്യക്തിഗത, ബിസിനസ് നിരക്കുകളെക്കുറിച്ച് വിശദമായി പറയുകയും ചെയ്തു.

പങ്കെടുക്കുന്ന എല്ലാവർക്കും കോൺഫറൻസ് എത്രത്തോളം ഉപകാരപ്രദമായെന്നു അവരുടെ അനുഭവങ്ങൾ വിശദീകരിച്ചു ഡോ. സക്കറിയ ഉമ്മനും നിക്കോൾ വർഗീസും സംസാരിച്ചു.

ഡയമണ്ട് സ്പോൺസർ ജോൺ മാത്യു, ഗോൾഡ് സ്പോൺസർ ജോസ് കെ ജോയ്, ഗോൾഡ് സ്പോൺസർ ഡോ.അലക്സാണ്ടർ മാത്യു എന്നിവർക്ക് കോൺഫറൻസ് ടീം പ്രത്യേകം നന്ദി അറിയിച്ചു.

ഫാ. അലക്സ് കെ ജോയ് (കോൺഫറൻസ് കോർഡിനേറ്റർ): 973 489 6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917 612 8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917 5333566.

23 April - **English Language Day**

English Language Day is celebrated on 23 April annually and is a United Nations (UN) observance day. The day coincides with both the birthday and death day of William Shakespeare and World Book Day

# വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബൈനിയൽ കോൺഫറൻസ് ഓഗസ്റ്റ് 21 മുതൽ



ടെക്സാസ്: വേൾഡ് മലയാളി കൗൺസിലിന്റെ 15വേ ഗ്ലോബൽ ബൈനിയൽ കോൺഫെറൻസ് ഓഗസ്റ്റ് 21 മുതൽ 24 വരെ ടെക്സസിൽ.

ഒറിജിനൽ ഡബ്ല്യു എം സിയുടെ പതിനഞ്ചാമത് കോൺഫറൻസ് നടത്താനുള്ള പ്രവർത്തനങ്ങൾക്ക് കോൺഫറൻസ് കോഓർഡിനേറ്റർ ആയി ജോൺസൻ തലച്ചെല്ലൂരും (റീജിയൻ പ്രസിഡന്റ്), കോൺഫറൻസ് ചെയർമാൻ ആയി ഗോപാലപിള്ളയും (ഗ്ലോബൽ ചെയർമാൻ) ഈ 15വേ ഗ്ലോബൽ കോൺഫറൻസ് കമ്മിറ്റിക്ക് നേതൃത്വം നൽകുന്നു.

ഇന്ത്യയുടെ ഇലക്ഷൻ കമ്മീഷൻ ആയിരുന്ന ടി.എൻ ശേഷൻ ചെയർമാനായി തുടങ്ങി പിന്നീട് കെ പി.പി നമ്പൂതിരി (കേരളം), ലേഖ ശ്രീനിവാസൻ (കേരളം), പത്മഭൂഷൻ ഡോക്ടർ ഇ സി ജി സുദർശൻ (ഓസ്റ്റിൻ ടെക്സസ്), ഡോക്ടർ ബാബു പോൾ (കേരളം), ആൻഡ്രു പാപ്പച്ചൻ (ന്യൂ ജേഴ്സി), സോമൻ ബേബി (ബഹറിൻ), ജോളി തടത്തിൽ (ജർമ്മനി), ഡോക്ടർ ഇബ്രാഹിം ഹാജി (ദുബായ്), ഗോപാലപിള്ള (ഡാളസ്), ജോൺ മത്തായി (ഷാർജ) തുടങ്ങിയ വ്യക്തിത്വങ്ങൾ നേതൃത്വം നൽകുന്നതാണ് ഡബ്ല്യു എം സി എന്ന ഈ മഹാ പ്രസ്ഥാനം.

ഗോപാലപിള്ള ചെയർമാൻ, ജോൺ മത്തായി പ്രസിഡന്റ്, ക്രിസ്റ്റഫർ വർഗീസ് ജനറൽ സെക്രട്ടറി, ശശികുമാർ നായർ ട്രഷറർ അടങ്ങുന്ന ഭരണസമിതിയാണ്. ഡബ്ല്യൂ എം സിയുടെ പേരും ലോഗോയും അമേരിക്ക യൂറോപ്പ് യുകെ ഒമാൻ യു എ ഇ സിംഗപ്പൂർ റഷ്യ കാനഡ ഫിലിപ്പീൻസ് ആഫ്രിക്ക ഓസ്ട്രേലിയ മെക്സിക്കോ ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ ട്രേഡ് മാർക്ക് രജിസ്ട്രേഷൻ നേടിയിട്ടുള്ളതാണ്.

വേൾഡ് മലയാളി കൗൺസിൽ എന്ന പേരും ലോഗോയും മേൽപ്പറഞ്ഞ ഡബ്ല്യു എം സിയുടെത് മാത്രമാണ്. ഇത് അനധികൃതമായി മറ്റു ചിലർ ഉപയോഗിക്കുന്നത് കുറ്റകരവും ശിക്ഷാർഹവും ആണ് എന്ന് ഗ്ലോബൽ പ്രസിഡന്റ് ജോൺ മത്തായി പ്രത്യേകം അറിയിച്ചു.

1995 മുതൽ അമേരിക്കയിലും, യൂറോപ്പിലും, ഇന്ത്യയിലും പൂർണമായ സർക്കാർ അംഗീകാരത്തോടെ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഏക മലയാളി സംഘടനയാണ് വേൾഡ് മലയാളീ കൗൺസിൽ. പ്രവർത്തന സൗകര്യത്തിനായി അമേരിക്ക, യൂറോപ്പ്, മിഡിലീസ്റ്റ്, ഇന്ത്യ, ആഫ്രിക്ക, ഫാർ ഈസ്റ്റ് ആൻഡ് ഓസ്ട്രേലിയ എന്ന് ആഗോളതലത്തിൽ ആറു റീജിയൻ ആയി തിരിച്ചു പ്രവർത്തിക്കുന്നു. ഡാളസിൽ നടക്കുന്ന ഈ കോൺഫറൻസ് പുതിയ തലമുറയുടെ ഒരു ആഗോള കൂട്ടായ്മയായിരിക്കുമെന്നു ജോൺസൻ തലച്ചെല്ലൂർ, ഗോപാല പിളള എന്നിവർ സമുക്തമായി അറിയിച്ചു.

അഡ്മിനിസ്ട്രേറ്റീവ് സൗകര്യത്തിനായി ആറ് റീജനങ്ങളായി തിരിച്ച് 60 ഓളം പ്രോവിൻസുകളായി ഡബ്ല്യു എംസി പ്രവർത്തിക്കുന്നു. പോഷക സംഘടനകളായ വുമൺസ് ഫോറം, യൂത്ത് ഫോറം, ഹെൽത്ത് മെഡിക്കൽ ഫോറം, എൻ ആർ കെ ഫോറം, എജുക്കേഷൻ ഫോറം, ആർട്സ് ആൻഡ് കൾച്ചർ ഫോറം എന്നിവ ഡബ്ല്യു.എം.സിയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്നു.

ആതുര സേവനത്തിന് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന ഡബ്ല്യുഎംസി ലോകമെമ്പാടുമുള്ള മലയാളികളുടെ ഏറ്റവും വലിയ നെറ്റ്‌വർക്ക് സംഘടനയായി പ്രവർത്തിക്കുന്നു. 25 നിർധനരായ യുവതി യുവാക്കളുടെ വിവാഹം പത്തനാപുരം ഗാന്ധിജി ഭവനിൽ വച്ചു ഒക്ടോബർ മാസം രണ്ടാം തീയതി ഫിലാഡൽഫിയ പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. പുനലൂർ ജില്ലാ ആശുപത്രിയുടെ ആവശ്യത്തിനായി 25 ടിവി മോണിറ്റേഴ്സ് നൽകി. കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് വരുന്ന രോഗികളുടെ കൂടെ വരുന്നവരുടെ താമസസൗകര്യത്തിനായി അഞ്ചു മുറിയും ആഹാരവും ഫ്രീയായി കൊടുക്കുവാനുള്ള സൗകര്യം ഒരുക്കി. വയനാട് ദുരന്തത്തിൽ പെട്ടവർക്ക് 25 വീട് സ്പോൺസർ ചെയ്തു. നൂറു കുട്ടികൾക്കായി സ്കോളർഷിപ്പ് കൊടുത്തു അമേരിക്കൻ റീജിയൻ 14 വീടുകൾ നാട്ടിൽ വച്ച് നൽകി. ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്ന സംഘടനയാണ് ഡബ്ല്യു എം സി.

24 April - **National Panchayati Raj Day**

National Panchayati Raj Day is celebrated every year on 24 April in India. On this day Constitution came into force with effect on 24 April 1993. In 2010 the first National Panchayati Raj Day was celebrated. A new part in the Constitution Part IX was added bypassing the 73rd Amendment Act from Article 243 to 243 (O) titled "The Panchayats" and a new Eleventh Schedule consisting of 29 subjects within the functions of Panchayats was also added.

# വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റണിൽ ഗ്രാൻഡ് ഫണ്ട് റൈസിംഗ് ടാലന്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു




**– ശങ്കരൻകുട്ടി, ഹൂസ്റ്റൻ**

ഹൂസ്റ്റൺ, ടെക്സസ്: ഏപ്രിൽ 19 ഞായറാഴ്ച പ്രശസ്തമായ സ്റ്റാഫോർഡ് സിവിക് സെന്ററിൽ നടക്കുന്ന ഫണ്ട്റൈസിംഗ് ടാലന്റ് ഫെസ്റ്റ് വേൾഡ് മലയാളി കൗൺസിൽ അഭിമാനത്തോടെ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ സാംസ്കാരിക ആഘോഷം പ്രതിഭയും വിനോദവും ചിരിയും ചിന്തയും നിറഞ്ഞ ഒരു സായാഹ്നം കോർത്തിണക്കുന്നു. വൈവിധ്യമാർന്ന കലാ പ്രകടനങ്ങൾ പ്രദർശിപ്പിക്കുന്നതിനൊപ്പം, ഹൂസ്റ്റണിലും പരിസരങ്ങളിലുമുള്ള മലയാളി സമൂഹത്തെയും സുഹൃത്തുക്കളെയും അർത്ഥവത്തായ ഒരു ലക്ഷ്യത്തിനായി ഒരുമിച്ച് കൊണ്ടുവരിക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

എല്ലാ പ്രായത്തിലുമുള്ള പങ്കാളികൾ വേദിയിലെത്തുകയും കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന സംഗീതം, നൃത്തം, നാടകം, മറ്റ് സൃഷ്ടിപരമായ കഴിവുകൾ എന്നിവ അവതരിപ്പിക്കുകയും ചെയ്യും. വിനോദത്തിനപ്പുറം, വേൾഡ് മലയാളി കൗൺസിൽ നയിക്കുന്ന ജീവകാരുണ്യ, മാനുഷിക പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന ഒരു സുപ്രധാന ഫണ്ട്റൈസിംഗ് സംരംഭമായി ടാലന്റ് ഫെസ്റ്റ് പ്രവർത്തിക്കുന്നു. ലോകമെമ്പാടുമുള്ള സമൂഹക്ഷേമം, വിദ്യാഭ്യാസം, സാമൂഹിക ഉന്നമനം എന്നിവയ്ക്കുള്ള ദീർഘകാല പ്രതിബദ്ധത സംഘടന തുടരുന്നു.

ഇ ൗ പരിപാടി വെറും പ്രതിഭകളുടെ ആഘോഷമല്ല, മറിച്ച് ഒരു മഹത്തായ ലക്ഷ്യത്തിനായി മനുഷ്യ മനസ്സുകളെ ഒന്നിപ്പിക്കുന്നതിനുള്ള ഒരു വേദിയാണ്. കലാകാരന്മാരെ പ്രോത്സാഹിപ്പിക്കാനും, മാറ്റമുണ്ടാക്കാനും ഉദാരമായി സംഭാവന നൽകാനും ക്ഷണിക്കുന്നതായി സംഘാടകർ അറിയിച്ചു.

എസ് കെ ചെറിയാൻ 281 513 5961.

# മാർത്തോമ്മാ ക്വയർ ഫെസ്റ്റിവൽ ലോഗോ പ്രകാശനം ചെയ്തു



**– അലൻ ചെന്നിത്തല**

മിഷിഗൺ: സെന്റ് ജോൺസ് മാർത്തോമ്മാ ഇടവക ആതിഥേയത്വം വഹിക്കുന്ന മാർത്തോമ്മാ ക്വയർ ഫെസ്റ്റിവലിന്റെ ലോഗോ പ്രകാശനം ചെയ്തു. സെൻറ് ജോൺസ് മാർത്തോമ പള്ളിയിൽ ആരാധനയെ തുടർന്നു നടന്ന സമ്മേളനത്തിൽ വെച്ച് ക്വയർ ഫെസ്റ്റിവൽ കമ്മിറ്റി പ്രസിഡന്റ് റവ. സഞ്ചോ പി വർഗീസ് ലോഗോ പ്രകാശനം നിർവ്വഹിച്ചു.

ജൂലൈ 25 ശനിയാഴ്ച വൈകിട്ട് 3.30 മുതൽ നടത്തപ്പെടുന്ന ഈ വർഷത്തെ ക്വയർ ഫെസ്റ്റിവലിൽ ചിക്കാഗോ, കാനഡ, ഡിട്രോയിറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള പത്തോളം മലയാളം, ഇംഗ്ലീഷ് ഗായകസംഘങ്ങൾ ഈ സംഗീതോത്സവത്തിൽ പങ്കെടുക്കും.

ക്വയർ ഫെസ്റ്റിവലിന്റെ ക്രമീകരണങ്ങൾക്കായ് റവ. സഞ്ചോ പി വർഗീസ് (പ്രസിഡന്റ്), ജോൺ വർഗീസ് ജോജി (ജനറൽ കൺവീനർ), ഷാജി ഈപ്പൻ (പ്രോഗ്രാം), ഇസബെൽ സാം, സിബി ബിനു (റിസപ്ഷൻ), അനിൽ സാം (ഫുഡ്), സോണി മാത്യൂസ് (ഓപ്പറേഷൻസ് ആന്റ് അറേഞ്ച്മെന്റ്സ്), ഷൈൻ ഈപ്പൻ (മീഡിയ), നിർമ്മൽ മാത്യൂസ് (ഫിനാൻസ്), എബ്രഹാം ഈപ്പൻ (സുവനീർ) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി പ്രവർത്തനം ആരംഭിച്ചു.

# ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൻ ഗ്രൂപ്പ് ഡാൻസ് മത്സരവും റീജിയണൽ കൺവെൻഷനും ജൂൺ 6ന്

**– മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: അമേരിക്കയിലെയും കാനഡയിലെയും മലയാളീ സംഘടനകളുടെ ഏറ്റവും വലിയ അംബ്രല്ലാ സംഘടനയായ ഫോമായുടെ ന്യൂയോർക്ക് മെട്രോ റീജിയന്റെ 2024– 2026 വർഷത്തെ ദ്വൈവാർഷിക സമാപന കൺവെൻഷൻ ജൂൺ 6 ശനിയാഴ്ച ഉച്ചയ്ക്ക് ശേഷം മൂന്നു മണി മുതൽ എൽമോണ്ടിലുള്ള സെൻറ് വിൻസെൻറ് ഡീപോൾ സീറോ മലങ്കര കത്തോലിക്കാ കത്തീഡ്രൽ ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു.

കൺവെൻഷനോട് അനുബന്ധിച്ച് ഗ്രൂപ്പ് ഡാൻസ് മത്സരവും നടത്തപ്പെടുന്നു. ഫോമാ ന്യൂയോർക്ക് റീജിയന്റെ ചരിത്രത്തിലാദ്യമായാണ് ഒരു ഡാൻസ് കോമ്പറ്റീഷൻ നടത്തുന്നത്. ഒന്നാം സ്ഥാനത്ത് 1000 ഡോളറും, രണ്ടാം സ്ഥാനത്തിന് 750 ഡോളറും, മൂന്നാം സ്ഥാനത്തിന് 500 ഡോളറുമാണ് സമ്മാനത്തുക. ജൂൺ 6 ശനിയാഴ്ച്ച ഉച്ചക്ക് ശേഷം 3 മണി മുതൽ മത്സരം ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്: ഡോ.ബിന്ദു തോമസ് (347 993 9113), പിങ്കി ആൻ തോമസ് (718 790 3658).

# അരുന്ധതി റോയിക്ക് അമേരിക്കയിൽ നാഷണൽ ബുക്ക് ക്രിട്ടിക്സ് സർക്കിൾ പുരസ്കാരം

- പി.പി ചെറിയാൻ



ന്യൂയോർക്ക്: പ്രശസ്ത എഴുത്തുകാരി അരുന്ധതി റോയിയുടെമദർ മേരി കംസ് ടു മീഎന്ന ഓർമ്മക്കുറിപ്പിന് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയമായ നാഷണൽ ബുക്ക് ക്രിട്ടിക്സ് സർക്കിൾ പുരസ്കാരം ലഭിച്ചു. മാൻഹട്ടനിലെ ന്യൂ സ്കൂളിൽ മാർച്ച് 26ന് നടന്ന ചടങ്ങിലാണ് 2025ലെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

ആത്മകഥാ വിഭാഗത്തിലാണ് അരുന്ധതി റോയി ഈ നേട്ടം കൈവരിച്ചത്. ഒരു ആർക്കിടെക്ചർ വിദ്യാർത്ഥിനിയിൽ നിന്ന് എഴുത്തുകാരിയിലേക്കുള്ള അവരുടെ വളർച്ചയും അമ്മയുമായുള്ള ആത്മബന്ധവുമാണ് ഈ പുസ്തകത്തിന്റെ പ്രമേയം.

അരുന്ധതി റോയിക്ക് വേണ്ടി സ്ക്രിബ്നർ പബ്ലിഷർ നാൻ ഗ്രഹാം അവാർഡ് ഏറ്റുവാങ്ങി. മാനുഷികമായ സുന്ദരവും വേദനാനിർഭരവുമായ സത്യങ്ങളെ വെളിപ്പെടുത്തുന്ന കൃതിയാണിതെന്ന് അവാർഡ് സമിതി വിലയിരുത്തി.

ജെറാൾഡിൻ ബ്രൂക്സ്, ഹനീഫ് ഖുറേഷി തുടങ്ങിയ പ്രമുഖ എഴുത്തുകാരുടെ പുസ്തകങ്ങളെ പിന്തള്ളിയാണ് അരുന്ധതി റോയി പുരസ്കാരത്തിന് അർഹയായത്.

മാധ്യമ സ്വാതന്ത്ര്യവും സ്വതന്ത്ര ചിന്തയും വെല്ലുവിളിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ഇത്തരം പുരസ്കാരങ്ങൾക്ക് വലിയ പ്രസക്തിയുണ്ടെന്ന് എൻ.ബി.സി.സി പ്രസിഡന്റ് ആദം ഡാൽവ അഭിപ്രായപ്പെട്ടു.

# ബിഷപ്പ് റോബർട്ട് പ്രൈസ് ഫാർമേഴ്സ് ബ്രാഞ്ച് സെന്റ് ആൻഡ്രൂസ് പള്ളിയിൽ ഓശാന ഞായർ ശുശ്രൂഷ നിർവഹിച്ചു



ഡാളസ്: എപ്പിസ്കോപ്പൽ ഡയസീസ് ഓഫ് ഡാളസിന്റെ എട്ടാമത് ബിഷപ്പായി ചുമതലയേറ്റ ബിഷപ്പ് റോബർട്ട് പ്രൈസ് ഓശാന ഞായറാഴ്ച നടന്ന ശുശ്രൂഷകൾക്ക് ബിഷപ്പ് നേതൃത്വം നൽകി.

കഴിഞ്ഞ വാരത്തിൽ ഫാർമേഴ്സ് ബ്രാഞ്ച് സെന്റ് ആൻഡ്രൂസ് എപ്പിസ്കോപ്പൽ പള്ളിയിൽ സന്ദർശനം നടത്തിയ ബിഷപ്പ് മാർച്ച് 25ന് നടന്നസൗഖ്യശുശ്രൂഷയിലും പങ്കെടുത്തു

ബിഷപ്പിന്റെ ആദ്യ സന്ദർശനത്തോടനുബന്ധിച്ച് ഫാർമേഴ്സ് ബ്രാഞ്ച് മേയർ ടെറി ലിൻ അദ്ദേഹത്തെ ആദരിക്കുകയും സഭയും സമൂഹവും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. പള്ളിയിലെ വിവിധ വംശങ്ങളിലും പ്രായത്തിലുമുള്ള ആളുകളുടെ വൈവിധ്യത്തെയും അഭയാർത്ഥികൾക്കായി നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെയും അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.

വികാരി റവ. റോയ് തോമസ്, വെസ്ട്രി അംഗങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങളെ ബിഷപ്പ് പ്രശംസിച്ചു. ആരാധനയ്ക്ക് ശേഷം നടന്ന സ്നേഹവിരുന്നിലും തുടർന്ന് നടന്ന ഭരണസമിതി യോഗത്തിലും അദ്ദേഹം പങ്കെടുത്തു.

2026 ജനുവരി 11നാണ് റോബർട്ട് പ്രൈസ് ഡാളസ് എപ്പിസ്കോപ്പൽ രൂപതയുടെ ബിഷപ്പായി സ്ഥാനമേറ്റത്. പള്ളിയുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ചും വികസന പദ്ധതികളെക്കുറിച്ചും അദ്ദേഹം മാനേജിംഗ് ബോർഡ് അംഗങ്ങളുമായി ചർച്ച നടത്തി.

# ചെറിലെയ്ൻ സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്



- ജിനേഷ് തമ്പി

ന്യൂയോർക്ക് : മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ ചെറിലെയ്ൻ സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്ജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്.കൃപയുടെ പാത്രങ്ങൾ എന്നതാണ് ചിന്താ വിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ചെറിലെയ്ൻ സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ജെയ്സൺ തോമസ്, ആശ ജോർജ്, ജോൺ താമരവേലിൽ, ഈതൻ കൂട്ടുമാത, ഐറിൻ പോൾ, പ്രേംസി ജോൺ, ഫിയോണ ജോൺ, ഇവാൻ കൂട്ടുമാത എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ദേവാലയ വികാരി ഫാ. ഗ്രിഗറി വർഗീസ് കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു. ജോൺ താമരവേലിൽ കോൺഫറൻസ് ടീമിനെ ഇടവകാംഗങ്ങൾക്കു പരിചയപ്പെടുത്തി.

ആശ ജോർജ് കോൺഫറൻസ് തീയതി, സമയം, സ്ഥലം, തീം, പ്രഭാഷകർ രജിസ്ട്രേഷൻ നിരക്കുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കു വെച്ചു.

റാഫിൾ പ്രോഗ്രാമിനെയും സമ്മാനങ്ങളേയും കുറിച്ച് പ്രേംസി ജോൺ സംസാരിച്ചു. കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിനുള്ള സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഈതൻ കൂട്ടുമാത നൽകി.

സുവനീറിലേക്ക് ലേഖനങ്ങൾ അയക്കാൻ ഐറിൻ പോൾ ഇടവക അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും വിവിധ വ്യക്തിഗത, ബിസിനസ് നിരക്കുകളെക്കുറിച്ച് വിശദമായി പറയുകയും ചെയ്തു.

മുൻ വർഷങ്ങളിൽ കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവങ്ങളെക്കുറിച്ച് ഫിയോണ ജോൺ സംസാരിക്കുകയും ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവക അംഗങ്ങളേയും പ്രത്യേകിച്ചു ഇടവകയിലെ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

സൈറ്റ് ആന്റ് സൗണ്ട് ഷോ, വെബ്സൈറ്റ്, കോൺഫറൻസിലേക്ക് പോകാനും വരുവാനുമുള്ള ബസ് സൗകര്യം എന്നിവ ജെയ്സൺ എടുത്തുകാട്ടി. ഫാ. ഗ്രിഗറി വർഗീസ് പ്രസിഡന്റ് ആയ ബ്രൂക്ലിൻ, ക്വീൻസ്, ലോംഗ് ഐലൻഡ് എന്നീ ചർച്ചുകളുടെ കൗൺസിലാണ് ഈ വർഷത്തെ കോൺഫറൻസിന്റെ ഗായകസംഘത്തെ നയിക്കുകയെന്നും, കോൺഫറൻസിനുള്ള ഗായകസംഘം ഫാ.ജോൺ തോമസിന്റെ നേതൃത്വത്തിൽ ആയിരിക്കുമെന്നും അദ്ദേഹം എടുത്തു പറഞ്ഞു.

രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത ഫാ. ഗ്രിഗറി വർഗീസ് കോൺഫറൻസിൽ പങ്കെടുക്കാൻ ഇടവക അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും, കോൺഫറൻസിനു വേണ്ടിയുള്ള ടീമിന്റെ സമർപ്പണത്തിനും പരിശ്രമത്തിനും നന്ദി പറഞ്ഞു.

കൂടുതൽ വിവരങ്ങൾക്ക്

ഫാ. അലക്സ് കെ ജോയ് (കോൺഫറൻസ് കോർഡിനേറ്റർ): 973 489 6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917 612 8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917 5333566.

# മാഗ്‌വിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി എ.ഐ പരിശീലന ക്ലാസ് സംഘടിപ്പിച്ചു



- ജിൻസ് മാത്യു, റിവർസ്റ്റോൺ

ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (മാഗ് വിദ്യാർത്ഥികൾക്കും, മുതിർന്നവർക്കുമായി സംഘടിപ്പിച്ച എ.ഐ ക്ലാസ് മികച്ച പ്രതികരണം നേടി.

വിദ്യാഭ്യാസം, ആരോഗ്യം, ഫിനാൻസ്, ഐ.ടി ഉൾപ്പെടെ വിവിധ മേഖലകളിലെ എ.ഐയുടെ പ്രായോഗിക ഉപയോഗങ്ങളെ കുറിച്ചുള്ള ക്ലാസ് സാങ്കേതിക വിദഗ്ദർ കൈകാര്യം ചെയ്തു.

എ.ഐ സാങ്കേതിക വിദഗ്ദൻ സുധീഷ് മാത്യു ക്ലാസിന് നേതൃത്വം നൽകി. സുദേഷ് വാസുദേവൻ, ജോബി ചെറിയാൻ എന്നിവരുടെ പാനൽ ക്ലാസുകൾക്ക് അസിസ്റ്റ് ചെയ്തു.

മാഗ് പ്രസിഡന്റ് റോയി മാത്യു പരിശീലന ക്ലാസ് ഉദ്ഘാടനം ചെയ്തു. യൂത്ത് കോ ഓർഡിനേറ്റർ മൈക്കിൾ ജോയി സ്വാഗതവും സെക്രട്ടറി വിനോദ് ചെറിയാൻ നന്ദിയും പറഞ്ഞു.

മാഗ് ഭാരവാഹികളായ ഷിനു ഏബ്രഹാം, സന്തോഷ് ആറ്റുപുറം, ജീവൻ സൈമൺ, അനിലാ സന്ദീപ്, സുബിൻ ബാലകൃഷ്ണൻ, അമ്പിളി ആന്റണി, ജിൻസ് മാത്യു, ട്രസ്റ്റി ബോർഡ് മെമ്പർ ജോസ്. കെ.ജോൺ, വിനോദ് വാസു ദേവൻ, അജു വാരിക്കാട്ട്, മോൻസി കുര്യാക്കോസ്, മാത്യുസ് ചാണ്ടപ്പിള്ള എന്നിവർ നേതൃത്വം കൊടുത്തു.